# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പാലമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി3/1216/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/11/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലമേൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി3/1216/2025 തീയ്യതി: 24/11/2025

## ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത ദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 29-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 29-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഫമിൻ. എസ്.എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീകാന്ത്.സി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ.സി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബി.വിനോദ് കുമാർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| എ.ജി.അനിൽകുമാർ | സെക്രട്ടറി | 01-04-2024 | 31-08-2024 |
| എൻ.നജീം | സെക്രട്ടറി | 01-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രവീൺ റ്റി ടി | വി.ഇ.ഒ സർക്കിൾ 1 | 01-04-2024 | 31-03-2025 |
| പ്രവീൺ.പി | വി.ഇ.ഒ, സർക്കിൾ 2 | 01-04-2024 | 31-03-2025 |
| ഇന്ദുലേഖ.പി.എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ഡോ.വി സജീവ് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2024 | 31-03-2025 |
| സിബി.എൽ | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| രാജശ്രീ.പി | കൃഷി ഓഫിസർ | 01-04-2024 | 15-12-2024 |
| ആര്യനാഥ്.വി | കൃഷി ഓഫിസർ | 16-12-2024 | 31-03-2025 |
| ഡോ.ഷിബു.എസ്സ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| മെർലിൻ മാത്യു | ഡയറി ഫാം ഇൻസ്പെക്റ്റർ | 01-04-2024 | 01-01-2025 |
| മാളവിക സി.എസ്സ് | ഡയറി ഫാം ഇൻസ്പെക്റ്റർ | 02-01-2025 | 31-03-2025 |
| ജയശ്രീ.എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 19-01-2025 |
| വേക്കന്റ് | അസിസ്റ്റന്റ് എഞ്ചിനിയർ | 20-01-2025 | 22-01-2025 |
| സുമ തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 23-01-2025 | 31-03-2025 |
| പ്രശാന്ത്.എ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 07-10-2024 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 08-10-2024 | 31-10-2024 |
| ഡോ.ശ്രീജ.കെ.എസ്. | മെഡിക്കൽ ഓഫിസർ, എഫ്.എച്ച്.സി | 01-04-2024 | 31-03-2025 |
| സാജുപ്രകാശ്.എൻ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വികസനഫണ്ട് ചെലവ്- വാർഷിക കണക്കുകൾ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | ടെണ്ടർ ഫോറം വിൽപ്പന-വരവ് തുക കൃത്യമല്ല | 1-1-2 |
| 4 | ബാധ്യതയുടെ ഇനം വ്യക്തമല്ല | 1-1-3 |
| 5 | ഗ്രാമപഞ്ചായത്തിന് റവന്യൂ റിക്കവറി നടപടികളിലൂടെ ലഭ്യമായ തുക ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | മുൻകൂർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | വാണിജ്യ സ്വഭാവത്തോടുകൂടിയുള്ള പാർപ്പിടാവശ്യകെട്ടിടങ്ങളെ വസ്തുനികുതി ചുമത്തുന്നതിൽ അപാകം-1,42,271 രൂപ വസ്തുനികുതി ഡിമാൻഡിൽ കുറവുണ്ടാക്കി | 1-10 |
| 18 | വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചില്ല- 2024-25 ഡിമാൻഡിൽ 68,505 രൂപയുടെ കുറവ് | 1-11 |
| 19 | വിനോദ നികുതി - 2,96,113 രൂപ ഈടാക്കിയില്ല | 1-12 |
| 20 | അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഡിമാൻഡ് ചെയ്യുന്നുവെന്ന് ഉറപ്പാക്കാനായില്ല | 1-13 |
| 21 | കേന്ദ്രീകൃത ശീതീകരണ സംവിധാനം-വസ്തു നികുതിയിൽ വർദ്ധനവ് വന്നിട്ടില്ല | 1-14 |
| 22 | ഫ്യൂവൽ സ്റ്റേഷനുകളുടെ കനോപ്പി ഏരിയായെ വസ്തുനികുതി ചുമത്തിയില്ല | 1-15 |
| 23 | വസ്തുനികുതി- ഫീൽഡ് തല സർവ്വെയോ GPS മാപ്പിംഗ് ഡേറ്റായോ ഉപയോഗിക്കുന്നില്ല | 1-16 |
| 24 | ഡിമാൻഡിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-17 |
| 25 | തൊഴിൽ നികുതി - എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല | 1-18 |
| 26 | ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള കറന്റ് അക്കൗണ്ടുകളിലെ ധന മാനേജ്മെന്റിൽ അപാകം | 1-19 |
| 27 | അഗതി ആശ്രയ അക്കൌണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ് | 1-20 |
| 28 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ -ടെന്റർ ക്ഷണിച്ചതിൽ അപാകം | 1-21 |
| 29 | ടെണ്ടർ ചെയ്ത മരാമത്ത് വർക്കുകൾക്ക് കരാർ ചമച്ചില്ല-കൂടിയ തുകയ്ക്ക് റീ-ടെണ്ടർ-പഞ്ചായത്തിന് 1158352/- രൂപയുടെ നഷ്ടം | 1-22 |
| 30 | സ്കോളർഷിപ്പ് വിതരണത്തിൽ തുല്യതാ രാഹിത്യം | 1-23 |
| 31 | ജനറൽ പർപ്പസ് ഫണ്ട്- അവസാന ഗഡു പഞ്ചായത്തിന് നഷ്ടമായി | 1-24 |
| 32 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല | 1-25 |
| 33 | ഇൻസ്റ്റലേഷൻ ഓഫ് വാട്ടർ പ്യൂരിഫയർ- ബില്ലിൽ നിന്നും ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കിയില്ല | 1-26 |
| 34 | കുട്ടികൾക്ക് യോഗ പരിശീലനം-അപാകതകൾ | 1-27 |
| 35 | ഓഡിറ്റ് ഇംപാക്ട്-ഇ-ടെണ്ടർ തുക 6,25,646 /- രൂപ ഗ്രാമപഞ്ചായത്തിന് കൈമാറി രേഖകൾ ഹാജരാക്കി | 1-28 |
| 36 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായില്ല | 1-29 |
| 37 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-30 |
| 38 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂറുകൾ നിയമാനുസരണം ക്രമീകരിക്കുന്നില്ല | 1-31 |
| 39 | പഞ്ചായത്തിന്റെ മിച്ച ഫണ്ട് - സ്ഥിരനിക്ഷേപം ആക്കുന്നത് പരിഗണനാർഹം | 1-32 |
| 40 | കരാർ നിയമനങ്ങളിൽ വേതനമിനത്തിൽ അധിക ചെലവ് | 1-33 |
| 41 | ഓട്ടോമേറ്റഡ് ക്ലിനിക്കൽ കെമിസ്ട്രി അനലൈസർ സ്ഥാപിച്ചില്ല-സ്രോതസിൽ നിന്നും ജി.എസ്.റ്റി ഈടാക്കിയില്ല | 1-34 |
| 42 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-35 |
| 43 | നിർവ്വഹണ ഏജൻസികളുടെ പക്കൽ 2.38 കോടി രൂപ മുടങ്ങികിടക്കുന്നു | 1-36 |
| 44 | ഫെസ്റ്റിവൽ അഡ്വാൻസ് - 96000 രൂപ ക്രമീകരിച്ചിട്ടില്ല | 1-37 |
| 45 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം- ലഘു അവലോകനം | 1-38 |
| | **ഭാഗം 2** | |
| 1 | വിനോദ നികുതി - 2,96,113 രൂപ ഈടാക്കിയില്ല. | 2-1 |
| | **ഭാഗം 3** | |
| 1 | കരാർ നിയമനങ്ങളിൽ വേതനമിനത്തിൽ അധിക ചെലവ് | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1-1 വികസനഫണ്ട് ചെലവ്- വാർഷിക കണക്കുകൾ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകൾ പ്രകാരം വികസനഫണ്ട് പൊതു വിഭാഗത്തിലെ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ആകെ ചെലവ് 28185350 രൂപയാണ് (I-6 Rs. 27184176 + Capital Contribution Rs.1001174). ഇത് സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവുമായി 354999 രൂപയുടെ വ്യത്യാസം കാണിക്കുന്നു. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി. ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 18-07-2025 ലെ 2(1) നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 19-07-2025 ൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട പാലമേൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-2 ടെണ്ടർ ഫോറം വിൽപ്പന-വരവ് തുക കൃത്യമല്ല

മരാമത്ത് വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിലെ ടെണ്ടർ ഫോറം വിൽപ്പന തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമല്ല.

### 1-1-3 ബാധ്യതയുടെ ഇനം വ്യക്തമല്ല

ILGMS ലേക്ക് അക്കൗണ്ടിംഗ് പ്രക്രിയ മാറിയപ്പോൾ മുന്നിരിപ്പ് എന്ന നിലയിൽ 31-03-2022 ൽ ചേർക്കപ്പെട്ട Refund Of Unutilized Grant - Prior Period എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയ 16,17,139/- രൂപ നിലവിലും ബാധ്യതയായി തുടരുകയാണ്. ബാധ്യതയുടെ ഉറവിടവും ഇനവും വിശദീകരിക്കപ്പെട്ടില്ല.

### 1-1-4 ഗ്രാമപഞ്ചായത്തിന് റവന്യൂ റിക്കവറി നടപടികളിലൂടെ ലഭ്യമായ തുക ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിന് RR നടപടികളിലൂടെ ലഭ്യമായ തുക ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാം നമ്പർ മുറിയുടെ വാടക കുടിശ്ശിക ഈടാക്കുന്നതിന് ആരംഭിച്ച RR നടപടികളിലൂടെ ശ്രീ.ഷാനവാസ്, ഷാനവാസ് വിഹാർ എന്നയാൾ റവന്യൂ വകുപ്പ് മുഖാന്തിരം ഒടുക്കിയ 34,609 രൂപ (ഹെഡ് കോഡ്- 350300106) ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായാണ് രേഖപ്പെടുത്തിയത്.

**1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ B-7 പട്ടികയിലെ ബാധ്യതയായി തുടരുന്ന ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

**1-1-6 മുൻകൂർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

മുൻകൂർ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-18 പട്ടികയിൽ മുൻകൂറുകളായി തുടരുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല. വിനിയോഗവിവരങ്ങൾ ലഭ്യമായ പല നിക്ഷേപ തുകകളും ടി പട്ടികയിൽ തുടരുന്നുണ്ട്.

**1-1-7 ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല**

ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന തുകയുടെ കൃത്യത പരിശോധി ച്ചുറപ്പാക്കാനായില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് 09/02/2024-ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് പുതുക്കിയ ബജറ്റ് 28/03/2025 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| പരിഷ്കരിച്ച ബജറ്റ് പ്രകാരം | 359682009 | 378204308 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻറിച്ചർ പത്രിക പ്രകാരം) | 292910795 | 332347549 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 4,50,20,835 |
| വരവ് | 7,88,79,438 |
| ആകെ | 12,39,00,273 |
| ചെലവ് | 7,87,04,582 |
| നീക്കിയിരിപ്പ് | 4,51,95,691 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 4288560 | 23927440 | 28216000 | 27830351* | 385649 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1230003 | 13001997 | 14232000 | 14232000 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 0 | 8452000 | 8452000 | 8173852 | 278148 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 35637000 | 35637000 | 28027208 | 7609792 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക് | 3211603 | 0 | 10055500 | 13267103 | 5436309 | 7830794 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 876151 | 0 | 4945528 | 5821679 | 4455465 | 1366214 |

വാർഷിക കണക്കുകൾ പ്രകാരം വികസനഫണ്ട് പൊതു വിഭാഗത്തിലെ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ആകെ ചെലവ് 28185350 രൂപയാണ് (I-6 Rs. 27184176 + Capital Contribution Rs.1001174). ഇത് സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവുമായി 354999 രൂപയുടെ വ്യത്യാസം കാണിക്കുന്നു. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

**1-5 പദ്ധതി അവലോകനം**

2024-25 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | ക്കിയത് (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 324 | 353574096 | 100 | 129915337 | 83 | 141 | 30.86% |

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18,204 | 4,72,469 | 4,90,673 | 1,40,000 | 3,50,673 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6,64,66,768 | 6,64,66,768 | 6,64,66,768 | 0 |
| ആകെ | 18,204 | 6,69,39,237 | 6,69,57,441 | 6,66,06,768 | 3,50,673 |

**1-7 ക്ഷേമ പദ്ധതികൾ**

2024-25 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5,285,600 | 491 |
| വിധവാ പെൻഷൻ | 24,337,200. | 1637 |
| വാർദ്ധക്യകാല പെൻഷൻ | 50,038,600 | 3527 |
| വികലാംഗ പെൻഷൻ | 5,817,800 | 491 |
| അവിവാഹിത പെൻഷൻ | 883,000 | 101 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29/09/2025 തീയതിയിൽ 2.00P.M സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,982/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

ആഭ്യന്തര നിയന്ത്രണത്തിൽ ദൃശ്യമായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**രസീതുകളുടെ സൂക്ഷിപ്പ്**

പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥർ ഗുണഭോക്തൃ വിഹിതം പിരിക്കുവാൻ രസീത് ബുക്കുകളാണ് ഉപയോഗിക്കുന്നത്. ഇതിന്റെ പരിപാലനത്തിൽ അപാകം സംഭവിക്കുന്നുണ്ട്. കൃഷി ഓഫീസർ തൻവർഷം ഉപയോഗിച്ച ബുക്കുകളിലെല്ലാം (നം.22985, 22988, 22989, 22990, 22995) രസീതുകളുടെ അസൽ ഗുണഭോക്താക്കൾക്ക് നൽകുകയും പകർപ്പ് സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. രസീതുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് ഡ്യൂപ്ലിക്കേറ്റിൽ തയ്യാറാക്കി പകർപ്പ് കക്ഷികൾക്ക് നൽകി അസൽ പരിശോധനയ്ക്കായി സൂക്ഷിക്കുകയാണ് ചെയ്യേണ്ടത്. അസൽ സൂക്ഷിക്കാത്തതിനാൽ രസീതിന്റെ കൃത്യത ഉറപ്പാക്കാനാകാതെ വരുന്നു. വർഷാവസാനം ഭാഗികമായി അവശേഷിക്കുന്ന രസീതുകൾ റദ്ദ് ചെയ്യണമെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല. ബുക്ക് നം. 22995 ൽ രസീത് നം. 87 മുതൽ 100 വരെയുള്ള ഉപയോഗിക്കാതെ ശേഷിക്കുന്ന രസീതുകൾ റദ്ദ് ചെയ്തിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രശീതുബുക്കുകൾ ഉപയോഗശേഷം തിരികെ വാങ്ങി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതാണെങ്കിലും അത് ചെയ്യുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർ സമാഹരിക്കുന്ന പണം ഒടുക്കും മുൻപു് അതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത നടപടികൾ രസീതുകളുടെ ദുരുപയോഗത്തിന് വഴിവയ്ക്കാനിടയാക്കുമെന്നതിനാൽ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**രജിസ്റ്ററുകൾ**

ഡെപ്പോസിറ്റ്, മുൻകൂർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും അവ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ കൃത്യമായ വിവരങ്ങളടങ്ങുന്ന ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

**വർക്കിംഗ് ഗ്രൂപ്പുകളുടേയും ഗ്രാമസഭകളുടേയും പ്രവർത്തനം**

പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിന് കർമ്മസമിതികൾ ക്രിയാത്മക പങ്ക് വഹിക്കുന്നെങ്കിലും തുടർന്നുള്ള പ്രവർത്തനം വിലയിരുത്തപ്പെടുന്നില്ല. പദ്ധതി മോണിറ്ററിംഗിൽ കർമ്മസമിതികൾ യാതൊരു പങ്കും വഹിക്കുന്നില്ല. ഗ്രാമസഭാ പ്രവർത്തനം വിവിധ പദ്ധതികൾക്കുള്ള വ്യക്തിഗത ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ഒതുങ്ങിപ്പോകുന്നു. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ക്രിയാത്മക ചർച്ചകൾ ഗ്രാമസഭയിൽ ഉണ്ടാകുന്നില്ല.

**ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള അനന്തര നടപടികൾ**

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാകാലം റക്ടിഫിക്കേഷൻ റിപ്പോർട്ട് (പ്രഥമ മറുപടി) നൽകപ്പെടുന്നുണ്ട്. എന്നാൽ തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളിൽ തുടർ നടപടികൾ ശുഷ്കമാണ്. 2006–07 മുതൽ 2023-24 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ പരാമർശങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്നു.

**1-10 വാണിജ്യ സ്വഭാവത്തോടുകൂടിയുള്ള പാർപ്പിടാവശ്യകെട്ടിടങ്ങളെ വസ്തുനികുതി ചുമത്തുന്നതിൽ അപാകം-1,42,271 രൂപ വസ്തുനികുതി ഡിമാൻഡിൽ കുറവുണ്ടാക്കി**

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചത് ഉടമസ്ഥന്റെ സ്വന്തം താമസത്തിനുള്ള കെട്ടിടമെന്ന നിലക്കാണ്. വാടകക്ക് നൽകുന്നതിനായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള അപ്പാർട്ട്മെന്റുകളെ ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ രണ്ടോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്ന കെട്ടിടം എന്ന ഗണത്തിൽ

ഉൾപ്പെടുത്താനാകില്ല. ഇത് ഗ്രാമപഞ്ചായത്തിന് 1,42,271 രൂപയുടെ നഷ്ടമുണ്ടാക്കി. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിടങ്ങളുടെ വിസ്തൃതി ച.മീ | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|
| 1 | 1/194 A | 73.8575 | ലിജിൻ എം ഐ, മംഗലത്ത് |
| 2 | 1/194 B | 73.8575 | ലിജിൻ എം ഐ, മംഗലത്ത് |
| 3 | 1/194 C | 73.8575 | ലിജിൻ എം ഐ, മംഗലത്ത് |
| 4 | 1/194 D | 73.8575 | ലിജിൻ എം ഐ, മംഗലത്ത് |
| 5 | 1/194 E | 83.7575 | ലിജിൻ എം ഐ, മംഗലത്ത് |
| 6 | 1/194 F | 83.7575 | ലിജിൻ എം ഐ, മംഗലത്ത് |
| 7 | 1/194 G | 78.5975 | ലിജിൻ എം ഐ, മംഗലത്ത് |
| 8 | 1/194 H | 78.5975 +13.33 (രണ്ടാം നില) | ലിജിൻ എം ഐ, മംഗലത്ത് |
| 9 | 1/542 C | 70.02 | വി കെ ശ്രീകുമാർ, കണ്ണൻകര |
| 10 | 1/542 D | 70.02 | വി കെ ശ്രീകുമാർ, കണ്ണൻകര |
| 11 | 1/542 H | 70.02 + 18.93 | വി കെ ശ്രീകുമാർ, കണ്ണൻകര |
| 12 | 1/542 I | 70.02 | വി കെ ശ്രീകുമാർ, കണ്ണൻകര |
| 13 | 1/542 F | 75.83 +19 | വി കൃഷ്ണകുമാർ, ശ്രീവത്സം |
| 14 | 1/542 G | 75.83 | വി കൃഷ്ണകുമാർ, ശ്രീവത്സം |
| 15 | 1/748 C | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 16 | 1/748 D | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 17 | 1/748 E | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 18 | 1/748 F | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 19 | 1/748 G | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 20 | 1/748 H | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 21 | 1/748 I | 30.305 + 9.25 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 22 | 1/748 J | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 23 | 1/748 K | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 24 | 1/748 L | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 25 | 1/748 M | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 26 | 1/748 N | 30.305 | കോമളം, തോപ്പിൽ പടീറ്റതിൽ |
| 27 | 11/9 H | 69.932 | റിയാസ് ഇബ്രാഹിം സുമയ്യ റിയാസ് പൊങ്ങത്തിൽ ഹൗസ് |
| 28 | 11/9 I | 76.66 | റിയാസ് ഇബ്രാഹിം സുമയ്യ റിയാസ് പൊങ്ങത്തിൽ ഹൗസ് |

| | | | |
|---|---|---|---|
| 29 | 11/9 J | 61 +17.07 | റിയാസ് ഇബ്രാഹിം സുമയ്യ റിയാസ് പൊങ്ങത്തിൽ ഹൗസ് |
| 30 | 12/550 A | 106.96 | ശ്രീജിത്ത് എസ് പിള്ള അനു ആർ നായർ, മംഗലശ്ശേരിൽ |
| 31 | 12/550 B | 106.96 | ശ്രീജിത്ത് എസ് പിള്ള അനു ആർ നായർ, മംഗലശ്ശേരിൽ |
| 32 | 12/550 C | 106.96 | ശ്രീജിത്ത് എസ് പിള്ള അനു ആർ നായർ, മംഗലശ്ശേരിൽ |
| 33 | 12/550 D | 106.96 | ശ്രീജിത്ത് എസ് പിള്ള അനു ആർ നായർ, മംഗലശ്ശേരിൽ |
| 34 | 12/550 E | 106.96 | ശ്രീജിത്ത് എസ് പിള്ള അനു ആർ നായർ, മംഗലശ്ശേരിൽ |
| 35 | 12/550 F | 122.33 | ശ്രീജിത്ത് എസ് പിള്ള അനു ആർ നായർ, മംഗലശ്ശേരിൽ |

ഉടമസ്ഥൻ സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടം, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ രണ്ടോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകക്ക് നൽകുന്ന കെട്ടിടം) എന്ന നിലക്കുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് 300 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 8 രൂപയും 300 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 11 രൂപയുമാണ്. പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. വരെയുള്ളവ (ച.മീന് 60 രൂപ) / പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച.മീ. ന് മുകളിലുള്ളവ (ച.മീന് 70 രൂപ) എന്നീ നിരക്കുകളിൽ വസ്തുനികുതി ചുമത്തപ്പെടാതിരുന്നതിന്റെ കാരണം ഓഡിറ്റ് എൻക്വയറി (നം.12 തീയതി 26/09/2025) മുഖാന്തിരം ആവശ്യപ്പെട്ടിട്ടും വിശദീകരിക്കപ്പെട്ടില്ല.

കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ചുമത്തിയ വസ്തുനികുതി, ചുമത്തേണ്ടിയിരുന്ന വസ്തുനികുതി, വ്യത്യാസം എന്നിവ പട്ടിക ആയി ചുവടെ ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ചുമത്തിയ വസ്തുനികുതി @11/Sqft ദ്വിതീയം-10 % ഇളവ് 5m ൽ കൂടുതൽ വിസ്തൃതിയുള്ള റോഡ് - 20% വർദ്ധനവ്) (രൂപ) | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി @70/Sqft ദ്വിതീയം-10 % ഇളവ് 5m ൽ കൂടുതൽ വിസ്തൃതിയുള്ള റോഡ് - 20% വർദ്ധനവ്) രൂപ | വ്യത്യാസം (രൂപ) |
|---|---|---|---|---|
| 1 | 1/194 A | 894 | 5688 | 4794 |
| 2 | 1/194 B | 894 | 5688 | 4794 |
| 3 | 1/194 C | 894 | 5688 | 4794 |
| 4 | 1/194 D | 894 | 5688 | 4794 |
| 5 | 1/194 E | 1014 | 6450 | 5436 |
| 6 | 1/194 F | 1014 | 6450 | 5436 |
| 7 | 1/194 G | 952 | 6053 | 5101 |
| 8 | 1/194 H | 1113 | 7079 | 5966 |
| 9 | 1/542 C | 925 | 5882 | 4957 |
| 10 | 1/542 D | 925 | 5882 | 4957 |
| 11 | 1/542 H | 1175 | 7472 | 6297 |
| 12 | 1/542 I | 925 | 5882 | 4957 |
| 13 | 1/542 F | 1252 | 7966 | 6714 |
| 14 | 1/542 G | 1001 | 6370 | 5369 |
| 15 | 1/748 C | 301 | 1910 | 1609 |
| 16 | 1/748 D | 301 | 1910 | 1609 |
| 17 | 1/748 E | 301 | 1910 | 1609 |
| 18 | 1/748 F | 301 | 1910 | 1609 |
| 19 | 1/748 G | 301 | 1910 | 1609 |
| 20 | 1/748 H | 301 | 1910 | 1609 |
| 21 | 1/748 I | 392 | 2492 | 2100 |
| 22 | 1/748 J | 301 | 1910 | 1609 |
| 23 | 1/748 K | 301 | 1910 | 1609 |
| 24 | 1/748 L | 301 | 1910 | 1609 |

| | | | | |
|---|---|---|---|---|
| 25 | 1/748 M | 301 | 1910 | 1609 |
| 26 | 1/748 N | 301 | 1910 | 1609 |
| 27 | 11/9 H | 924 | 5036 | 4112 |
| 28 | 11/9 I | 1012 | 5520 | 4508 |
| 29 | 11/9 J | 1031 | 5622 | 4591 |
| 30 | 12/550 A | 1059 | 6739 | 5680 |
| 31 | 12/550 B | 1059 | 6739 | 5680 |
| 32 | 12/550 C | 1059 | 6739 | 5680 |
| 33 | 12/550 D | 1059 | 6739 | 5680 |
| 34 | 12/550 E | 1059 | 6739 | 5680 |
| 35 | 12/550 F | 1212 | 7707 | 6495 |
| | | | | 142271 |

പരിശോധനയിൽ കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2023-24 മുതൽ വസ്തുനികുതി ചുമത്തപ്പെട്ട മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയത്തിൽ സമാന സ്വഭാവത്തിലുള്ള അപാകങ്ങളുണ്ടെങ്കിൽ പരിശോധിച്ച് വസ്തുനികുതി പുനനിർണ്ണയിക്കേണ്ടതാണ്. ക്രമ നം-1 മുതൽ 35 വരെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിച്ചിടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-11 വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചില്ല- 2024-25 ഡിമാൻഡിൽ 68,505 രൂപയുടെ കുറവ്**

സ.ഉ (കൈ) 77/2023/ത.സ്വ.ഭ.വ. തീയതി 22-03-2023, സ.ഉ (ആ) 25/2023/ത.സ്വ.ഭ.വ. തീയതി 05-04-2023, പാലമേൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11-07-2023 ലെ 3(1) തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഡിമാന്റിൽ വലിയ കുറവുണ്ടാക്കി. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ 2023-24 ആദ്യ പാദത്തിൽ ഉപാധികളോടെ പഴയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച നിരവധി കെട്ടിടങ്ങളുടെ വസ്തുനികുതി 2023-24 മുതൽ ബാധകമായ നിരക്കിലേക്ക് പുതുക്കി നിശ്ചയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പാർപ്പിടാവശ്യകെട്ടിടങ്ങൾ:

ഗ്രാമപഞ്ചായത്തിലെ പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ 2022-23 വരെയുള്ള വസ്തുനികുതി നിരക്ക് ച.മീറ്ററിന് 6 രൂപയായിരുന്നു. എന്നാൽ 2023-24 മുതൽ സ്വന്തം താമസ്സത്തിനുള്ള പാർപ്പിടാവശ്യ കെട്ടിടങ്ങൾക്ക് 300 ച.മീറ്റർ വരെയുള്ളവക്ക് ച.മീറ്ററിന് 8 രൂപയും 300 ച.മീറ്ററിൽ കൂടുതലുള്ളവക്ക് ച.മീറ്ററിന് 11 രൂപയുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി അപ്ഡേഷൻ വരുത്താതെ നിലവിലും പഴയ നിരക്കിൽ തുടരുന്നത് ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | പേര് വിലാസം | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി 2023-24 | 2024-25 ലെ വർദ്ധനവ് | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി 2023-24 | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി 2024-25 ലെ വർദ്ധനവ് | വ്യത്യാസം 2023-24 | വ്യത്യാസം 2024-25 |
|---|---|---|---|---|---|---|---|---|---|
| 1 | 1/438 A | മധുസൂദനൻ, മധുഭവൻ | 121.88 | 732 | 769 | 976 | 1025 | 244 | 256 |
| 2 | 1/622 A | പ്രശാന്ത്, ലളിതാ ഭവനം | 271 | 1708 | 1794 | 2277 | 2391 | 569 | 597 |
| 3 | 1/611 B | മനു. ജി നായർ,നവമി | 133.15 | 720 | 756 | 959 | 1007 | 239 | 251 |
| 4 | 1/635 B | മുഹമ്മദ് ഷാൻ, ഷാൻ നിവാസ് | 188.6 | 1132 | 1189 | 1509 | 1585 | 377 | 396 |
| 5 | 1/575 B | സുനിൽ എസ്/ ശ്രീജ ശ്രീനന്ദനം | 189.57 | 1138 | 1195 | 1517 | 1593 | 379 | 398 |
| 6 | 1/617 A | വിനോദ്.എസ്, ഓവിൽ | 61.68 | 334 | 351 | 445 | 468 | 111 | 117 |
| 7 | 2/518 A | അജിത് രാജ് എസ് ചൈത്രം വീട് | 114.77 | 620 | 651 | 827 | 869 | 207 | 218 |
| 8 | 2/2 B | എം ആർ ഗോപാലകൃഷ്ണനുണ്ണിത്താൻ , ഗോപാലം | 170.8 | 1128 | 1185 | 1504 | 1580 | 376 | 395 |
| 9 | 2/438 B | ഗ്രീഷ് .ജി, കൈലാസം | 174.83 | 1049 | 1102 | 1399 | 1469 | 350 | 367 |
| 10 | 2/226 A | രാജു ആർ, രാജു ഭവനം | 94.95 | 513 | 539 | 684 | 719 | 171 | 180 |
| 11 | 3/259 A | സുരേഷ് ജി/ അനിത തറയിൽ കിഴക്കേതിൽ | 90.38 | 380 | 399 | 507 | 533 | 127 | 134 |
| 12 | 3/474 A | മാത്യൂസ് ഡാനിയേൽ കിഴക്കേ തലക്കൽ വിനോദ് വിഹാർ | 348.3 | 2822 | 2964 | 5173 | 5432 | 2351 | 2468 |
| 13 | 3/363 A | രാഹുൽ എസ് രാധൻ കല്ലിനേത്ത് | 156.13 | 1031 | 1083 | 1374 | 1443 | 341 | 360 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 14 | 4/86 A | സുരേഷ് എസ്, മയൂഖം | 202.38 | 1215 | 1276 | 1620 | 1701 | 405 | 425 |
| 15 | 4/2 A | ഷാജഹാൻ, ആശാന്റയ്യത്ത് കിഴക്കതിൽ | 117.25 | 774 | 813 | 1032 | 1084 | 258 | 271 |
| 16 | 4/472 C | പ്രിൻസ് തോമസ് എബനേസർഹൗസ് | 278.12 | 1753 | 1841 | 2337 | 2454 | 584 | 613 |
| 17 | 4/14 B | മിഥ് ലാജ് .എൻ ജാസ്മിൻ ജബാർ ദാറുൽ അമാൻ | 200.56 | 1519 | 1595 | 1926 | 2023 | 407 | 428 |
| 18 | 4/335 A | മീന, വിഘ്നേശ്വരനിലയം | 226.53 | 1496 | 1571 | 1994 | 2094 | 498 | 523 |
| 19 | 5/48 A | ജയകുമാർ സി, ചന്ദ്രാലയം | 136.88 | 740 | 777 | 986 | 1036 | 246 | 259 |
| 20 | 5/290 A | രാജേഷ് കുമാർ പടിറ്റേടത്ത് വീട് | 200.71 | 1084 | 1139 | 1446 | 1519 | 362 | 380 |
| 21 | 5/544 A | ആർ എസ് പ്രസാദ് മുല്ലന്താനേത്ത് ഹൗസ് | 228.19 | 1233 | 1295 | 1643 | 1726 | 410 | 431 |
| 22 | 6/465 A | മണിലാൽ വി എസ് തിരുവാതിര | 159.24 | 1147 | 1205 | 1529 | 1606 | 382 | 401 |
| 23 | 6/642 C | ആനന്ദകുമാർ/ മായ ആനന്ദൻ, ദേവനന്ദനം | 88.31 | 477 | 501 | 636 | 668 | 159 | 167 |
| 24 | 6/134 A | സന്തോഷ് കുമാർ കിഴക്കേ ഈരിക്കൽ | 49.45 | 268 | 282 | 357 | 375 | 89 | 93 |
| 25 | 6/58 B | മുരളീധരക്കുറുപ്പ് / പ്രസന്ന മണിപ്പുഴ പുത്തൻ വീട് | 82.22 | 444 | 467 | 592 | 622 | 148 | 155 |
| 26 | 6/572 A | സിനു പാപ്പച്ചൻ മാത്യു ഗ്രേസ് കീപ്പള്ളിൽ | 267.09 | 1683 | 1768 | 2244 | 2357 | 561 | 589 |
| 27 | 7/552 B | സനാതനൻ/ബിന്ദു മുകളിൽ വീട് | 179.45 | 970 | 1019 | 1293 | 1358 | 323 | 339 |
| 28 | 8/388 A | ശ്രീലതാകുമാരി ശ്രീവിഹാർ | 73.57 | 354 | 372 | 471 | 495 | 117 | 123 |
| 29 | 8/192 B | ബിന്ദു ശിവൻ/ ശിവൻ പുഷ്പ തടത്തിൽ കിഴക്കേതിൽ | 63.55 | 344 | 362 | 458 | 481 | 114 | 119 |
| 30 | 8/110 A | ഭാമിനി കെ, ആലുവിള തടത്തിൽ | 70.2 | 380 | 399 | 506 | 532 | 126 | 133 |
| 31 | 9/198 B | ജമാലുദീൻ, സാറാസ് | 197.26 | 1302 | 1368 | 1736 | 1823 | 434 | 455 |
| 32 | 9/152 A | മുഹമ്മദ് സുൽഫി പൊൻമാന വടക്കതിൽ | 183.76 | 993 | 1043 | 1324 | 1391 | 331 | 348 |
| 33 | 9/309 A | ബേനസീർ ബഷീർ ബൈത്ത് മറിയം | 229.79 | 1241 | 1304 | 1655 | 1738 | 414 | 434 |
| 34 | /110 0/503 B | ഇക്ബാൽ/ സുമയ്യ സമാദാനിയ മൻസിൽ | 195.79 | 1058 | 1111 | 1410 | 1481 | 352 | 370 |
| 35 | 10/54 A | അജ്മൽ എ, വെടിയറ ഭവനം | 168.44 | 910 | 956 | 1213 | 1274 | 303 | 318 |
| 36 | 11/551 E | സുലൈഖാ ബീവി കുളത്തും വടക്കതിൽ | 111.16 | 734 | 771 | 979 | 1028 | 245 | 257 |
| 37 | 11/386 A | നെജീവ് ജെ ഒറ്റപ്ലാവിളയിൽ | 120.47 | 651 | 684 | 868 | 912 | 217 | 228 |
| 38 | 12/91 A | ശ്രീനി, ബിഞ്ചു. എസ് മോഹൻ ശ്രീനിലയം | 60.48 | 327 | 344 | 436 | 458 | 109 | 114 |
| 39 | 12/91 B | ശ്രീനി, ബിഞ്ചു. എസ് മോഹൻ ശ്രീനിലയം | 63.56 | 344 | 362 | 458 | 481 | 114 | 119 |
| 40 | 12/91 C | ശ്രീനി, ബിഞ്ചു. എസ് മോഹൻ ശ്രീനിലയം | 65.3 | 353 | 371 | 471 | 495 | 118 | 124 |
| 41 | 12/91 D | ശ്രീനി, ബിഞ്ചു. എസ് മോഹൻ ശ്രീനിലയം | 65.3 | 353 | 371 | 471 | 495 | 118 | 124 |
| 42 | 12/110 B | ഹരീഷ് ചന്ദ്രൻ, അർച്ചന | 249.63 | 1648 | 1731 | 2197 | 2307 | 549 | 576 |
| 43 | 12/244 A | പ്രകാശ് ചന്ദ്, രേണു കളീക്കൽ | 186.24 | 1230 | 1292 | 1639 | 1721 | 409 | 429 |
| 44 | 12/9 A | വീണ പി കെ കുഴിയത്ത് വടക്കതിൽ | 114.23 | 617 | 648 | 823 | 865 | 206 | 217 |
| 45 | 12/267 A | അജിമോൻ ആദം ഹയാത്ത് | 297.5 | 1875 | 1969 | 2499 | 2624 | 624 | 655 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 46 | 12/267 B | അജിമോൻ ആദം ഹയാത്ത് | 15.36 | 83 | 88 | 111 | 117 | 28 | 29 |
| 47 | 13/174 C | നാസറുദീൻ പുളിവിളകിഴക്കതിൽ | 161.53 | 873 | 917 | 1164 | 1223 | 291 | 306 |
| 48 | 13/381 A | നാരായണൻ നായർ കോട്ടൂർ വീട് | 103.71 | 561 | 590 | 747 | 785 | 186 | 195 |
| 49 | 13/467 A | കാർത്തികേയൻ സാലമ്മ അമ്പാടി | 71.78 | 388 | 408 | 517 | 543 | 129 | 135 |
| 50 | 13/359 A | ജയമോഹൻ ആർ/ബിന്ദു ഹിമം | 85.94 | 465 | 489 | 619 | 650 | 154 | 161 |
| 51 | 13/349 B | യാഹിയ ഖാൻ, നൂർ മഹൽ | 124.26 | 672 | 706 | 895 | 940 | 223 | 234 |
| 52 | 13/245 A | ഷൈജു എ/ ഷിനാസ് ഷൈജു മൻസിൽ | 177.39 | 958 | 1006 | 1278 | 1342 | 320 | 336 |
| 53 | 14/28 B | സുനിൽ കെ, ആമ്പല്ലൂർ ഹൗസ് | 135.41 | 732 | 769 | 975 | 1024 | 243 | 255 |
| 54 | 14/40 A | അർച്ചന , മംഗലത്ത് | 212.75 | 1277 | 1341 | 1702 | 1788 | 425 | 447 |
| 55 | 14/285 B | സുനിത, സുനിത ഭവനം | 76.05 | 411 | 432 | 548 | 576 | 137 | 144 |
| 56 | 15/9A | ബിജു, സിയോൺ ഭവൻ | 119.77 | 647 | 680 | 863 | 907 | 216 | 227 |
| 57 | 15/402A | സുമേഷ് , മുളകുവിളയിൽ | 171.69 | 928 | 975 | 1237 | 1299 | 309 | 324 |
| 58 | 15/92 A | ഷാജി ബാബു, പാലമുറ്റത്ത് | 197.99 | 1307 | 1373 | 1743 | 1831 | 436 | 458 |
| 59 | 16/6 A | മുരളീധരൻ/ വസന്ത രാഹുൽ നിവാസ് | 129.89 | 702 | 738 | 936 | 983 | 234 | 245 |
| 60 | 17/135 D | ഗോപാലകൃഷ്ണപിള്ള കൃഷ്ണസദനം | 32.23 | 194 | 204 | 258 | 271 | 64 | 67 |
| 61 | 17/135 E | ഗോപാലകൃഷ്ണപിള്ള കൃഷ്ണസദനം | 56.17 | 304 | 320 | 405 | 426 | 101 | 106 |
| 62 | 17/380 B | ഷിബു ബി പാർവ്വണം | 202.02 | 1091 | 1146 | 1455 | 1528 | 364 | 382 |
| 63 | 18/5 A | അമ്പിളി, കൊല്ലന്റയ്യത്ത് | 105.65 | 634 | 666 | 846 | 889 | 212 | 223 |
| 64 | 19/684 B | ബിനു, ശ്രീരത്നം | 190 | 1026 | 1078 | 1368 | 1437 | 342 | 359 |
| 65 | 19/606 A | സലിം, കുറ്റിവിളയിൽ | 115.69 | 695 | 730 | 926 | 973 | 231 | 243 |
| 66 | 19/684 C | ആശിഷ് , ഹെവൻ വില്ല | 126.31 | 683 | 718 | 910 | 956 | 227 | 238 |

വാണിജ്യാവശ്യ കെട്ടിടങ്ങൾ :

100 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിനുമുകളിൽ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയുമായിരുന്നു 2022-23 വരെയുള്ള നിരക്ക്. 2023-24 മുതൽ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ നിരക്ക് ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

| വാണിജ്യാവശ്യ കെട്ടിടങ്ങൾ | ച.മീറ്റർ നിരക്ക് |
|---|---|
| 100 ച.മീറ്റർ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 50 |
| 100 ച.മീറ്റർ മുതൽ 500 ച.മീറ്റർ വരെ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾ | 70 |
| 500 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തൃതിയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 90 |

2023-24 ഒന്നാം പാദം വസ്തുനികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ അപ്ഡേഷൻ വന്ന മുറക്ക് പരിഷ്കരിക്കാതിരുന്നത് വസ്തുനികുതി ഡിമാൻഡ് കുറയുന്നതിനിടയാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | പേര് വിലാസം | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി 2023-24 | 2024-25 ലെ വർദ്ധനവ് | നിർണ്ണയിക്കേണ്ട വസ്തുനികുതി 2023-24 | നിർണ്ണയിക്കേണ്ട വസ്തുനികുതി 2024-25 ലെ വർദ്ധനവ് | വ്യത്യാസം 2023-24 | വ്യത്യാസം 2024-25 |
|---|---|---|---|---|---|---|---|---|---|
| 1 | 1/541 A | വിഷ്ണു ബി രഞ്ജൻ ഭഗവതി | 52.18 | 3131 | 3288 | 5636 | 5918 | 2505 | 2630 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | അയ്യത്ത് ഫോർട്ട് പ്ലാസ | | | | | | |
| 2 | 1/541 B | വിഷ്ണു ബി രഞ്ചൻ ഭഗവതി അയ്യത്ത് ഫോർട്ട് പ്ലാസ | 237.75 | 14265 | 14979 | 25677 | 26961 | 11412 | 11982 |
| 3 | 1/541 C | വിഷ്ണു ബി രഞ്ചൻ ഭഗവതി അയ്യത്ത് ഫോർട്ട് പ്ലാസ | 63.58 | 3839 | 4031 | 6910 | 7256 | 3071 | 3225 |
| 4 | 1/541 D | വിഷ്ണു ബി രഞ്ചൻ ഭഗവതി അയ്യത്ത് ഫോർട്ട് പ്ലാസ | 132.73 (താഴത്തെ നില) 41.18 (ഒന്നാം നില) | 10435 | 10957 | 18783 | 19723 | 8348 | 8766 |
| 5 | 1/541 E | വിഷ്ണു ബി രഞ്ചൻ ഭഗവതി അയ്യത്ത് ഫോർട്ട് പ്ലാസ | 249.54 | 14225 | 14937 | 25604 | 26885 | 11379 | 11948 |
| 6 | 1/541 F | വിഷ്ണു ബി രഞ്ചൻ ഭഗവതി അയ്യത്ത് ഫോർട്ട് പ്ലാസ | 63.98 | 3648 | 3831 | 6623 | 6955 | 2975 | 3124 |
| 7 | 2/230 A | അജിത് കുമാർ കായപ്പുറത്ത് വിഹാർ | 32.67 | 1046 | 1099 | 1307 | 1373 | 261 | 274 |
| 8 | 5/87 A | പ്രസിഡന്റ് ദേവിവിലാസം NSSകരയോഗം | 59 | 2124 | 2231 | 2655 | 2788 | 531 | 557 |
| 9 | 6/684 A | വേണു ആചാരി ചാലാച്ചേരിൽ തെക്കെ അറ്റത്തെ തുണ്ടിൽ | 18.31 | 660 | 693 | 824 | 866 | 164 | 173 |
| 10 | 10/368 A | ഷാജി ജെ ഷാജി ബിൽഡിംഗ് | 39.93 | 1757 | 1845 | 2197 | 2307 | 440 | 462 |
| 11 | 10/368 B | ഷാജി ജെ ഷാജി ബിൽഡിംഗ് | 41.18 | 1722 | 1809 | 2152 | 2260 | 430 | 451 |
| 12 | 11/551 D | സുലൈഖാ ബീവി കുളത്തും വടക്കതിൽ | 94.58 | 4162 | 4372 | 5202 | 5463 | 1040 | 1091 |
| 13 | 12/401 A | ലക്ഷമികുട്ടിയമ്മ വല്ല്യത്ത് കിഴക്കതിൽ | 17.83 | 642 | 675 | 803 | 844 | 161 | 169 |
| 14 | 19/664 A | ഷൺമുഖൻ മുരുകാലയം | 50.32 | 2516 | 2642 | 3523 | 3700 | 1007 | 1058 |
| 15 | 19/664 B | ഷൺമുഖൻ മുരുകാലയം | 53.69 | 2685 | 2820 | 3759 | 3947 | 1074 | 1127 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-11/26-09-25) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി യഥാസമയം പുനർനിർണ്ണയിക്കാതിരുന്നത് 2023-24 വർഷം 65,244 രൂപയുടെയും 2024-25 വർഷം 68,505 രൂപയുടെയും വസ്തുനികുതി ഡിമാൻഡിൽ കുറവുണ്ടാക്കി. വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-12 വിനോദ നികുതി - 2,96,113 രൂപ ഈടാക്കിയില്ല</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 ഗ്രാമപഞ്ചായത്തിന് വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം

നൽകുന്നുണ്ട്. ചരക്ക് സേവനനികുതി (ജി.എസ്.റ്റി) ഏർപ്പെടുത്തിയ ശേഷം തീയേറ്റർ ഉടമകൾ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി ഒടുക്കേണ്ടതായിട്ടുണ്ട്(കേരള ഫിനാൻസ് ആക്റ്റ് 2019 പ്രകാരം) നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്. (സ.ഉ(കൈ)112/2019/ ത.സ്വ.ഭ.വ./31-08-2019) വിനോദ നികുതി സംബന്ധിച്ച ലെഡ്ജർ പരിശോധിച്ചതിൽ (110400101) പാലമേൽ ഗ്രാമപഞ്ചായത്തിലെ സ്വാതി സ്ക്രീൻസിലെ രണ്ട് തീയേറ്ററുകളിൽ നിന്നും സാമ്പത്തിക വർഷം 27,45,353 രൂപ തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക വർഷം ലഭ്യമായ വിനോദനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള വിനോദനികുതി | ഒടുക്കിയ തീയതി | രസീത് നം. |
|---|---|---|---|---|
| 1 | 03/24 | 296112.43 | - | - |
| 2 | 04/24 | 522855.47 | 27/05/24 | 1240900598 |
| 3 | 05/24 | 351704.45 | 29/06/24 | 1240900988 |
| 4 | 06/24 | 161557.85 | 01/08/24 | 1240901241 |
| 5 | 07/24 | 134615.87 | 30/08/24 | 1240901483 |
| 6 | 08/24 | 165357.16 | 27/09/24 | 1240901723 |
| 7 | 09/24 | 357587.30 | 30/10/24 | 1240901946 |
| 8 | 10/24 | - | - | - |
| 9 | 11/24 | 167986.94 | 06/12/24 | 1240903344 |
| 10 | 12/24 | 247484* | 03/01/25 | 1240903912 |
| 11 | 01/25 | 180398.22 | 27/02/25 | 1240904735 |
| 12 | 02/25 | 159697.2 | 29/03/25 | 1240905693 |

110400101 എന്ന ഹെഡ് പ്രകാരം ആകെ 27,45,353 രൂപ ഗ്രാമപഞ്ചായത്തിൽ വിനോദനികുതി ഇനത്തിൽ ഓഡിറ്റ് വർഷം വരവ് വന്നിട്ടുണ്ട്. എന്നാൽ ഈ കണക്കുകളിൽ ചുവടെ ചേർക്കുന്ന അപാകങ്ങളുണ്ട്.

1)ക്രമ നം-1 പ്രകാരമുള്ള പത്രിക ഗ്രാമപഞ്ചായത്തിൽ ലഭ്യമാണെങ്കിലും ആയത് പ്രകാരമുള്ള തുക ബന്ധപ്പെട്ട ഹെഡ്ഡിൽ വരവ് വന്നിട്ടില്ല.

2)ക്രമ നം-8, 10/24 മാസത്തെ വിനോദനികുതി പത്രിക ഹാജരാക്കിയിട്ടില്ല. യാതൊരു തുകയും ഗ്രാമപഞ്ചായത്തിന്റെ ബന്ധപ്പെട്ട ഹെഡ്ഡിൽ വരവ് വന്നിട്ടില്ല.

3)ക്രമ നം-10 വിനോദ നികുതി സംബന്ധിക്കുന്ന തീയേറ്റർ ബോക്സ് ഓഫീസ് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ 2,47,484 രൂപ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്.

4) എല്ലാ തുകകളും നിശ്ചിത തീയതിക്ക് (തൊട്ടടുത്ത മാസം മൂന്നാം തീയതി) ശേഷമാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് പിഴ പലിശ ഡിമാൻഡ് ചെയ്തീടാക്കിയില്ല.

മേൽ അപാകങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 26 തീയതി 29/09/2025) മറുപടി ലഭ്യമാക്കിയില്ല. 2,96,113 രൂപ തീയേറ്റർ ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. ഒക്ടോബർ 2024 ലെ നികുതി പത്രിക ലഭ്യമാക്കി തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പിഴ പലിശ ഇനത്തിൽ ഈടാക്കാനുള്ള തുക തീയേറ്റർ ഉടമയിൽ നിന്നും ഡിമാൻഡ് ചെയ്തീടാക്കേണ്ടതും സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-13 അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഡിമാൻഡ് ചെയ്യുന്നുവെന്ന് ഉറപ്പാക്കാനായില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി (എ) വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറിതലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിരുന്നു. സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെജി. എ 2/2023/നിയമം ഉത്തരവ് (2023 ലെ 18-ാം ആക്ട്) 2023 ലെ കേരള ധനകാര്യ (2-ആം നമ്പർ ആക്ട്) എന്നിവ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പട്ടികയിൽ ചേർത്തിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ചുമത്തുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാനായില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ശ്രീ ശബരി സെന്ട്രൽ സ്കൂൾ, നൂറനാട് |
| 2 | ഹരിശ്രീ ഇംഗ്ലീഷ് മീഡിയം സ്കൂൾ, നൂറനാട് |
| 3 | SN വിവേക് വിദ്യാകേന്ദ്രം, നൂറനാട് |
| 4 | CBM HSS, നൂറനാട്<br>(അൺ എയിഡഡ് ഹയർ സെക്കൻഡറി) |
| 5 | സെന്റ് തോമസ് LPS, കുടശ്ശനാട് |

വസ്തുനികുതി ചുമത്തലിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെയും വസ്തുനികുതി ചുമത്തലിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ മരാമത്ത് വിഭാഗം മുഖാന്തിരം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-6 തീയതി 24-09-25) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പരിശോധന നടത്തി മറുപടി ലഭ്യമാക്കിയില്ല. അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന കെട്ടിടങ്ങൾ 2023-24 മുതൽ പൂർണ്ണമായും വസ്തുനികുതി ചുമത്തലിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

### 1-14 കേന്ദ്രീകൃത ശീതീകരണ സംവിധാനം-വസ്തു നികുതിയിൽ വർദ്ധനവ് വന്നിട്ടില്ല

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറവിസ്തൃതിയിലോ ഉപയോഗക്രമത്തിലോ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും ബാധകമാക്കേണ്ട ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും ചട്ടങ്ങളിലെ ചട്ടം-17(1)). കെട്ടിട ഉടമ പുതുക്കിയ

വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവവിരുദ്ധമോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും ചട്ടം 12(6) പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലസന്ദർശനം നടത്തി കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 8 പ്രകാരം കേന്ദ്രീകൃത ശീതീകരണ സംവിധാനം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്. പാലമേൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടം കേന്ദ്രീകൃത ശീതീകരണ സംവിധാനത്തോട് കൂടിയാണ് പ്രവർത്തിക്കുന്നത്. എന്നാൽ കേന്ദ്രീകൃത ശീതികരണസംവിധാനത്തിന് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവ് ബാധകമാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാനായില്ല. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സാധാരണ നിലക്ക് കേന്ദ്രീകൃത ശീതീകരണ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തനം നടത്താറുള്ളത്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | റിലയൻസ് ട്രൻഡ്സ്, നൂറനാട് |
| 2 | റിലയൻസ് സ്മാർട്ട് പോയിന്റ്, നൂറനാട് |
| 3 | ബേബി ഹഗ്, നൂറനാട് |
| 4 | ഫെഡറൽ ബാങ്ക്, നൂറനാട് |
| 5 | CSB ബാങ്ക്, കുടശനാട് |
| 6 | SBI, നൂറനാട് |
| 7 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, കുടശ്ശനാട് |
| 8 | കാനറ ബാങ്ക്, നൂറനാട് |

പോസ്റ്റ് ഒക്യുപൻസി പരിശോധനകൾ നടത്തി കേന്ദ്രീകൃത ശീതീകരണ സംവിധാനം നിലവിലുള്ള കെട്ടിടങ്ങളിലാണ് മുകളിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനമെങ്കിൽ അടിസ്ഥാന വസ്തുനികുതിയിൽ ബാധകമായ വർദ്ധനവ് ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഫ്യൂവൽ സ്റ്റേഷനുകളുടെ കനോപ്പി ഏരിയായെ വസ്തുനികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചുമത്തിയതിൽ അപാകമുണ്ട്. സെയിൽറൂമിനെ മാത്രം വസ്തുനികുതി ചുമത്തുകയും യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകൾ ഉൾപ്പെടുന്ന കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കിയതും ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ വലിയ കുറവുണ്ടാക്കി.

2 ഫ്യൂവൽ സ്റ്റേഷനുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ നിരക്കിലാണ് നിലവിൽ ഫ്യൂവൽ സ്റ്റേഷനുകളെ വസ്തുനികുതി ചുമത്തേണ്ടത്. രണ്ട് ഫ്യൂവൽ സ്റ്റേഷനുകളും സംസ്ഥാന (കെ.പി റോഡ്) പാതക്ക് സമീപമായാണ് സ്ഥിതിചെയ്യുന്നത്. രണ്ട് ഫ്യൂവൽ സ്റ്റേഷനുകളുടെയും സെയിൽസ് റൂമിനെ മാത്രമാണ് വസ്തുനികുതി ചുമത്തിയത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം, ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കുറവ് വസ്തുനികുതി ചുമത്തപ്പെട്ട സ്ഥാപനങ്ങളുടെ കാനോപ്പി ഏരിയ ഉൾപ്പെടുന്ന ഭാഗത്തിന്റെ വിസ്തൃതി അളന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിനോട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-7 തീയതി 24/09/2025) മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം (LID &EW SECTION) അന്വേഷണം നടത്തി ഫ്യൂവൽ സ്റ്റേഷനുകൾ ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെയും കെട്ടിടഭാഗങ്ങളുടെയും വിസ്തൃതി രേഖാമൂലം ലഭ്യമാക്കി. ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തിയ ഏരിയായുമായി വലിയ അന്തരം കാണപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വസ്തുനികുതി ചുമത്തുന്ന ഭാഗം (ച.മീ) | മരാമത്ത് വിഭാഗം റിപ്പോർട്ട് ചെയ്ത കനോപ്പി വിസ്തീർണ്ണം (ച.മീ) |
|---|---|---|---|---|
| 1 | 19/617 A | ആനന്ദൻ സരസ്വതി ഭവൻ | 75 $M^2$ | 227.5 |
| 2 | 12/151 | ടെറിട്ടറി മാനേജർ | 53 $M^2$ | 250 |

ഫ്യൂവൽ സ്റ്റേഷനുകളെ കനോപ്പി ഏരിയ ഉൾപ്പെടെ വസ്തുനികുതി ചുമത്തി, ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി- ഫീൽഡ് തല സർവ്വെയോ GPS മാപ്പിംഗ് ഡേറ്റായോ ഉപയോഗിക്കുന്നില്ല

വസ്തുനികുതി ചുമത്തപ്പെടാത്ത കെട്ടിടങ്ങളെ കണ്ടെത്തുന്നതിന് ഫീൽഡ്തല സർവ്വെ നടത്തി ഡേറ്റാ തയ്യാറാക്കുന്നതിനും ആയത് അടിസ്ഥാനമാക്കി വസ്തുനികുതി പരിഷ്കരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. GPS മുഖാന്തിരം ശേഖരിച്ച ഡേറ്റ ഉള്ള ഗ്രാമപഞ്ചായത്തുകളെ ഫീൽഡ് തല സർവ്വെ നടത്തുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. 2023-24, 2024-25 വർഷങ്ങളിലായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി മുഖാന്തിരം GIS പ്രോപ്പർട്ടി മാപ്പിംഗ് ജോലികൾ നടത്തിയിരുന്നു. എന്നാൽ ഈ ഡേറ്റാ നിലവിലും പ്രോപ്പർട്ടി അസസ്മെന്റിനോ റീ -അസസ്മെന്റിനോ ഉപയോഗപ്പെടുത്തുന്നില്ല.

ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് സർക്കാർ അനുവാദം നൽകുമ്പോൾ ജി.ഐ.എസ് മാപ്പിംഗ് ഐ.കെ.എം. സൂപ്പർവൈസ് ചെയ്യുകയും ഐ.കെ.എം. വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളുമായി ഡേറ്റാ സംയോജിപ്പിക്കാവുന്ന രീതിയിലായിരിക്കണം മാപ്പിംഗ് നടത്തേണ്ടതെന്നും വസ്തുനികുതി അസസ്മെന്റിനായി ഡേറ്റാ ഉപകരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ തയ്യാറാക്കപ്പെടുന്ന വെബ് അധിഷ്ഠിത സംവിധാനം ഉപയോഗിച്ച് ഐ.കെ.എം. വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാനാവില്ല. മറിച്ച് ഡേറ്റാ ഉപയോഗിച്ച് വസ്തുനികുതി സോഫ്റ്റ്‌വെയറിൽ ഉദ്യോഗസ്ഥർ മാറ്റം വരുത്തണം. ഇത് പലപ്പോഴും ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുള്ള എതിർപ്പുകൾക്ക് കാരണമാകുമെന്നതിനാൽ ഡേറ്റാ എത്രമാത്രം വസ്തുനികുതി അസസ്മെന്റിനായി

ഉപകരിക്കുമെന്ന് പറയാനാകില്ല. ദൃഷ്ടി പോർട്ടലുമായി ബന്ധപ്പെട്ട പരാജയപ്പെട്ട മാതൃകകളും നമുക്ക് മുൻപിലുണ്ട്. ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ 2020-21 ൽ പൂർത്തീകരിച്ച ദൃഷ്ടി പോർട്ടൽ ഡേറ്റാ ഉപയോഗിച്ച് ഒരു പ്രോപ്പർട്ടി അസസ്സ്മെന്റ് പോലും നടത്താത്ത സാഹചര്യം 2023-24 ലെ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ഖണ്ഡിക നം. 1-25).

2023-24 ൽ ആരംഭിച്ച ജി.ഐ.എസ്. മാപ്പിംഗ് സർവ്വെ, റിപ്പോർട്ട് തയ്യാറാക്കുന്ന 29/09/2025 ലും പൂർത്തിയായിട്ടില്ല. ഫീൽഡ്തല സർവ്വെ നടത്തി നികുതി പരിഷ്കരിക്കാതിരുന്നതും പ്രോപ്പർട്ടി മാപ്പിംഗ് വസ്തുനികുതി ശോഷണം കണ്ടെത്തുന്നതിന് ഉപയോഗപ്പെടുത്താതിരുന്നത് മൂലവും 2023-24 വർഷം മുതൽ ബാധകമാകേണ്ടിയിരുന്ന വസ്തുനികുതി ശോഷണം കണ്ടെത്തി നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇത് വലിയ നികുതി ശോഷണത്തിനിടയാക്കുന്നുണ്ട്. ഡേറ്റാ കൈമാറി ലഭ്യമായാലുടൻ അനധികൃത നിർമ്മിതികൾ കണ്ടെത്തി, വസ്തുനികുതി ചുമത്തലിലെ അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-17 ഡിമാൻഡിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല**

തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള നികുതി പിരിവ് പൂർണ്ണമല്ല. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി സ്ഥാപനത്തിന്റെ പേരിനൊപ്പം രേഖപ്പെടുത്തിയ അർദ്ധവർഷം ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സപ്ലൈകോ മാവേലി സ്റ്റോർ | I & II |
| 2 | KSEB നൂറനാട് | I & II |
| 3 | SBI നൂറനാട് | II |
| 4 | മുത്തൂറ്റ് ഫിൻ കോർപ്പ്, ആദിക്കാട്ടുകുളങ്ങര | I |
| 5 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, നൂറനാട് | I |
| 6 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ്, നൂറനാട് | I |
| 7 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ്, ആദിക്കാട്ടുകുളങ്ങര | II |
| 8 | മുത്തൂറ്റ് ഫിൻ കോർപ്പ് നൂറനാട് | I & II |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ്, കുടശ്ശനാട് | I & II |
| 10 | KSCDC | I & II |
| 11 | CSB Bank | I |
| 12 | Ahalya Fin Forex Ltd | II |
| 13 | പൂവമ്പള്ളിൽ ഫൈനാൻസിയേഴ്സ് | I & II |
| 14 | മുത്തൂറ്റ് നിധി ലിമിറ്റഡ്, കുടശ്ശനാട് | II |
| 15 | VSL ഫൈനാൻസ് | I& II |
| 16 | KUCS A14 (D) APCOS | I & II |
| 17 | HDFC | II |
| 18 | ഇൻഡൽ മണി, നൂറനാട് | I & II |

2) ജീവനക്കാരുടെ തൊഴിൽ നികുതി

A) ഇൻഡൽ മണി നൂറനാട് എന്ന സ്ഥാപനത്തിലെ ജീവനക്കാർ 2024-25 I, II അർദ്ധവർഷങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

B) CDS അക്കൗണ്ടന്റ്, ചെയർപേഴ്സൺ എന്നിവർ 2024-25 II അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.
തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-24/29-09-25) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-18 തൊഴിൽ നികുതി - എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനവും/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളും തൊഴിൽ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കപ്പെട്ട സാഹചര്യവും നിലനിൽക്കുന്നു. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും എന്നാൽ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടാത്തതുമായ ചില സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി പിരിവിൽ ഉൾപ്പെടുന്നില്ല.

A) പീപ്പിൾസ് അർബൻ ഇന്റഗ്രേറ്റഡ് ഫൗണ്ടേഷൻ, നൂറനാട്

B)സുപ്ര പസഫിക്ക് ഫിനാൻഷ്യൽ സർവ്വീസസ്, നൂറനാട്

C)കേച്ചേരി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, നൂറനാട്

D) സ്വാതി സ്ക്രീൻസ്, നൂറനാട്

( സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും)

2)ഫ്യൂവൽ സ്റ്റേഷനുകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3 ഫ്യൂവൽ സ്റ്റേഷനുകളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല.

3) അക്ഷയ സെന്ററുകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3 അക്ഷയ സെന്ററുകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ചുമത്തിയിട്ടില്ല.

നൂറനാട് ടൗൺ-ALP037

പണയിൽ -ALP038

ആദിക്കാട്ടുകുളങ്ങര- ALP039

4) ഓഡിറ്റോറിയങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന ഓഡിറ്റോറിയം ഉടമകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

A) S H ഓഡിറ്റോറിയം

B) AVM ഓഡിറ്റോറിയം

C) സൗപർണ്ണിക ഓഡിറ്റോറിയം

5) ക്ഷീര സംഘങ്ങൾ

പഞ്ചായത്ത് പരിധിയിലെ ക്ഷീരസംഘങ്ങൾ

| | |
|---|---|
| 1 | കുടശ്ശനാട് ക്ഷീരോത്പാദക സഹകരണ സംഘം നം-A141 (D) APCOS |
| 2 | ഉളവുകാട് ക്ഷീരോത്പാദക സഹകരണ സംഘം നം-A147(D) APCOS |
| 3 | ആദിക്കാട്ടുകളങ്ങര ക്ഷീരോത്പാദക സഹകരണ സംഘം നം-A228(D) APCOS |
| 4 | തത്തംമുന്ന ക്ഷീരോത്പാദക സഹകരണ സംഘം നം-A199 (D) APCOS |
| 5 | എരുമക്കുഴി ക്ഷീരോത്പാദക സഹകരണ സംഘം നം-A263(D)APCOS |

6)നൂറനാട് സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിൽ പാലമേൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത് വരുന്ന ആധാരം എഴുത്തുകാരെ തൊഴിൽ നികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.
മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തി തൊഴിൽ നികുതി ഡിമാൻഡ് പൂർണ്ണമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.24 തീയതി- 29-09-2025)

**1-19 ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള കറന്റ് അക്കൗണ്ടുകളിലെ ധന മാനേജ്മെന്റിൽ അപാകം**

ഗ്രാമപഞ്ചായത്തിന്റെ പേരിൽ നാല് കറന്റ് അക്കൗണ്ടുകളാണ് നിലവിലുള്ളത്. ഇ-ടെണ്ടർ ഫീസുകൾ സ്വീകരിക്കുന്നതിനായി അസി.എൻജിനീയറുടെ പേരിൽ ഒന്നും ഓൺ ലൈൻ പേയ്മന്റുകൾക്കായി സെക്രട്ടറിയുടെ പേരിൽ മൂന്ന് അക്കൗണ്ടുകളും നിലവിലുണ്ട്. എന്നാൽ പലിശരഹിതമായ ഈ അക്കൗണ്ടുകളിൽ പാർക്ക് ചെയ്യപ്പെടുന്ന പണം യഥാസമയം മാറ്റി നിക്ഷേപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇത് പലിശ വരുമാനം ഗണ്യമായി കുറയുന്നതിനിടയാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇ-ടെണ്ടർ നടപടികൾക്കായി പാലമേൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ 06-10-2022 ൽ നൂറനാട് SBI ൽ ആരംഭിച്ച കറന്റ് ബാങ്ക് അക്കൗണ്ടിൽ (A/C 41329419718) 24-09-2025 പ്രാബല്യത്തിൽ 852305.22 രൂപ നീക്കിയിരുപ്പ് ഉണ്ട്. പലിശരഹിതമായ ടി അക്കൗണ്ടിൽ പണം പാർക്ക് ചെയ്യാൻ അനുവദിക്കുന്നത് പലിശ ഇനത്തിലുള്ള വരുമാനം നഷ്ടമാക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. അക്കൗണ്ടിലെ നീക്കി ബാക്കിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നീക്കി ബാക്കി |
|---|---|
| 2022-23 | 128399.22 |
| 2023-24 | 609955.22 |
| 2024-25 | 668895.22 |
| 2025-26 (24/09/25 വരെ) | 852305.22 |

2) ഇ-പേയ്മെന്റ് അക്കൗണ്ടിൽ (SBI നൂറനാട് 67382127876) 2156845.79 രൂപ നീക്കി ബാക്കിയുണ്ട്. പലിശ രഹിതമായ ഈ അക്കൗണ്ടിൽ പണം പാർക്ക് ചെയ്യുന്നത് പഞ്ചായത്തിന്റെ പലിശ വരുമാനം കുറയുന്നതിനിടയാക്കി.
3) UPI പേയ്മെന്റുകൾക്കായി SBI ൽ ആരംഭിച്ച 42269972138 എന്ന അക്കൗണ്ടിൽ നിലവിലും ഇടപാടുകൾ നടന്നതായി കാണുന്നില്ല.
4) 05/04/25 ൽ ഫെഡറൽ ബാങ്ക് നൂറനാട് ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 30-07-25 ലെ കണക്കുകൾ പ്രകാരം ടി അക്കൗണ്ടിൽ 2015316 രൂപ പാർക്ക് ചെയ്യുന്നുണ്ട്.
കറന്റ് അക്കൗണ്ടുകളിൽ നിലനിൽക്കുന്ന പണം നിശ്ചിത സമയത്തിനുള്ളിൽ മാറ്റി സ്ഥിരനിക്ഷേപമോ സേവിംഗ്സ് ബാങ്ക് നിക്ഷേപമോ ആക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. UPI ഇടപാടുകൾക്കായി ആരംഭിച്ച കറന്റ് അക്കൗണ്ട് ഇടപാടുകളില്ലാത്തപക്ഷം റദ്ദ് ചെയ്യേണ്ടതാണ്.

**1-20 അഗതി ആശ്രയ അക്കൌണ്ടിൽ ലക്ഷങ്ങളുടെ നീക്കിയിരിപ്പ്**

അഗതി ആശ്രയ പദ്ധതിയുടേതായി കുടശ്ശനാട് ഇൻഡ്യൻ ഓവർസീസ് ബാങ്കിലുള്ള അക്കൌണ്ടിൽ (നമ്പർ. 063701000014108) 03.08.2025 ൽ 10,63,422/- രൂപ (പലിശ ഉൾപ്പടെ) നീക്കിയിരിപ്പുണ്ട്. ഇതിൽ 8,50,000/-രൂപ വിവിധ വർഷങ്ങളിൽ ഭവന പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ലഭിച്ചതാണ്.

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ടിന്റെ നമ്പർ /പേര് | ഫണ്ടിനം | വിനിയോഗിക്കാതെ അവശേഷിക്കുന്നതുമായ തുക |
|---|---|---|---|
| 2020-21 | 191/അഗതി രഹിത കേരളം വനിതാ ഭവന പുനരുദ്ധാരണം (ജനറൽ) | വികസന ഫണ്ട് | 100000 |
| 2021-22 | 3/അഗതി രഹിത കേരളം ഭവന പുനരുദ്ധാരണം (ജനറൽ) | വികസന ഫണ്ട് | 500000 |
| | 3/അഗതി രഹിത കേരളം ഭവന പുനരുദ്ധാരണം (ജനറൽ) | ബ്ലോക്ക് വിഹിതം | 100000 |
| | 4/അഗതി രഹിത കേരളം ഭവന പുനരുദ്ധാരണം (ജനറൽ) | വികസന ഫണ്ട് | 150000 |
| | | ആകെ | 850000/- |

പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഫണ്ട് ആയതിനാൽ ഇത് മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുക അസാധ്യമാണ്. ആയതിനാൽ അഗതി ആശ്രയ പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കൾ ഇല്ലായെങ്കിൽ അക്കൌണ്ടിൽ വിനിയോഗിക്കപ്പെടാതെ നിലനിൽക്കുന്ന തുക പഞ്ചായത്ത് ഫണ്ട്/ ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തിരികെ അടക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-21 ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ -ടെന്ററ് ക്ഷണിച്ചതിൽ അപാകം**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുടശ്ശനാട്) നടപ്പാക്കിയ പൊതുസ്ഥലങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കുന്ന പ്രോജക്ടിൽ (നം.S248/25 പൊതുസ്ഥലങ്ങളിലും ടൂറിസം കേന്ദ്രത്തിലും ബിന്നുകൾ സ്ഥാപിക്കൽ) ടെന്ററ് മുഖേന നടപ്പാക്കണം എന്നല്ലാതെ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് മാത്രം ടെന്ററ് ക്ഷണിക്കണം എന്ന് വ്യവസ്ഥ ഉൾക്കൊള്ളിച്ചിരുന്നില്ല. എന്നാൽ 16.1.25 ൽ നിർവ്വഹണോദ്യോഗസ്ഥൻ പ്രസിദ്ധീകരിച്ച ഇ-ടെന്ററ് നോട്ടീസിൽ 40 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് മത്സരാധിഷ്ഠിത ടെന്ററ് ക്ഷണിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം കുറഞ്ഞ തുകയായ 3.596 ലക്ഷം രൂപ ക്വാട്ട് ചെയ്ത അസെർട്ട് ഫാമിംഗ് സൊല്യൂഷൻസ് എന്ന സ്ഥാപനത്തെ ഒഴിവാക്കി പകരം അക്രഡിറ്റഡ് ഏജൻസികളിൽ കുറഞ്ഞ തുകയായ 3.62 ലക്ഷം ക്വാട്ട് ചെയ്ത കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡിന് ടെന്ററ് ഉറപ്പിച്ച് നൽകേണ്ടി വന്നു (വൌച്ചർ നം. XVFC/2024-25/P/33 – 28.3.25). ഇപ്രകാരം ടെന്ററ് ക്ഷണിച്ചതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/26.9.25) ക്വാളിറ്റി ഉറപ്പാക്കാനായാണ് അക്രഡിറ്റഡ് ഏജൻസിയെ നിർവ്വഹണത്തിന് തെരഞ്ഞെടുത്തത് എന്ന മറുപടിയാണ് ലഭ്യമായത്. പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ അടക്കമുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ലഭ്യമായിരിക്കെ മറ്റ് സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന ബോട്ടിൽ ബൂത്തുകളുടേയും ടെന്ററ് വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരമുള്ള ക്വാളിറ്റി ഉറപ്പാക്കാനാകുമെന്നതിനാൽ പ്രസ്തുത മറുപടി നിർവ്വഹണോദ്യോഗസ്ഥന്റെ പ്രവൃത്തിയെ സാധൂകരിക്കത്തക്കതല്ല. ഇപ്രകാരം പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് ടെന്ററ് വ്യവസ്ഥകൾ ഉൾപ്പെടുത്തിയത് പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തോടെയായിരുന്നുമില്ല.

അക്രഡിറ്റഡ് ഏജൻസികൾ വഴി നിർവ്വഹണം നടത്താനുദ്ദേശിക്കുന്ന പക്ഷം അത് പ്രോജക്ട് തയ്യാറാക്കുന്ന അവസരത്തിൽ തന്നെ അതിൽ വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ നിന്ന് വ്യതിചലിച്ച് ടെന്ററിൽ വ്യവസ്ഥകൾ ഉൾച്ചേർക്കുന്നത് ഒഴിവാക്കപ്പെടേണ്ടതും പ്രോജക്ട് നടത്തിപ്പിൽ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപ്പര്യങ്ങൾ

സംരക്ഷിക്കപ്പെടുന്നു എന്നുറപ്പാക്കേണ്ടതുമാണ്.

**1-22 ടെണ്ടർ ചെയ്ത മരാമത്ത് വർക്കുകൾക്ക് കരാർ ചമച്ചില്ല-കൂടിയ തുകയ്ക്ക് റീ-ടെണ്ടർ-പഞ്ചായത്തിന് 1158352/- രൂപയുടെ നഷ്ടം**

2023-2024 വർഷം ടെണ്ടർ ചെയ്ത മരാമത്ത് വർക്കുകളിൽ ശ്രീമതി സബീന നൗഷാദ് എന്ന കരാറുകാരൻ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത് എടുത്തിട്ടുള്ള താഴെ ചേർക്കുന്ന വർക്കുകൾക്ക് യഥാസമയം നിയമപ്രകാരമുള്ള കരാർ വെക്കുകയുണ്ടായില്ല.
1.പുന്നവിള വള്ളിമുകളിൽ റോഡ് മെയിന്റനൻസ്- വാർഡ് 15
2.ചരൂർ പുത്തൻപുര റോഡ് മെയിന്റനൻസ്-വാർഡ് 14
3.പുന്നവിള-പള്ളിക്കൽ വയൽ റോഡ് മെയിന്റനൻസ്-വാർഡ് 11
4.കണ്ണങ്കര മുകൾ -കുളത്തും വടക്കെ റോഡ് മെയിന്റനൻസ്-വാർഡ് 10
5.വല്ലേത്ത് മുക്ക്-തെങ്ങുവിള റോഡ് മെയിന്റനൻസ്-വാർഡ് 12
6.കല്ലുവിള അങ്കണവാടി റോഡ് മെയിന്റൻസ്-വാർഡ് 11
7.തടത്തിൽ കിഴക്കെ മുക്ക് വലിയപറമ്പിൽ റോഡ് മെയിന്റനൻസ്- വാർഡ് 18
8.വള്ളിവിള മുക്ക്-കെ.പി റോഡ് മെയിന്റനൻസ്-വാർഡ്-10
ടി വർക്കുകൾ ഭരണസമിതിയുടെ 13/10/2023 ലെ 2(5), 2(4) എന്നീ നമ്പർ തീരുമാനങ്ങൾ പ്രകാരം ടെണ്ടർ അംഗീകരിച്ചു നൽകിയിട്ടുള്ളതാണ്.
കരാർ വെച്ച് പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ വർക്കുകൾ നടക്കേണ്ടത് അനിവാര്യമാകയാൽ റീ ടെണ്ടർ ചെയ്യുകയും കൂടിയ തുകയ്ക്ക് മറ്റ് കോൺട്രാക്ടർമാർ ടെണ്ടർ ഏറ്റെടുക്കുകയുമുണ്ടായി. അധിക തുക നൽകുന്നത് മൂലം പഞ്ചായത്തിനുണ്ടായ ബാദ്ധ്യത 11,58,352/- രൂപയായി തിട്ടപ്പെടുത്തുകയുണ്ടായി. പി.ഡബ്ല്യു.ഡി മാനുവലിലെ ചട്ടം 6, കേരള പൊതുമരാമത്ത് മാനുവലിലെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 09/08/2017 ലെ ജി.ഒ.(പി). നം. 3/2017/ പി.ഡബ്ല്യു.ഡി. ഉത്തരവ് ഭാഗം 01 ലെ ഖണ്ഡിക 3.6.6 പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വർക്ക് റിടെണ്ടർ ചെയ്യാൻ തീരുമാനിച്ച വിവരം 27.06.2024-ൽ ശ്രീമതി സബീന നൌഷാദിനെ അറിയിക്കുകയും ചെയ്തു. തിട്ടപ്പെടുത്തിയ നഷ്ടം 1158352/- രൂപ ഒഴികെയുള്ള തുക മാത്രം ശ്രീമതി സബീന നൗഷാദ് പൂർത്തിയാക്കിയ മറ്റ് വർക്കുകളുടെ ബിൽ തുകകളിൽ നിന്നും പ്രതിഫലമായി നൽകുന്നതിനും തീരുമാനിച്ചു. മേൽ വിഷയവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്നും നൽകിയ നോട്ടീസിന് കരാറുകാരൻ രേഖാമൂലം മറുപടി നൽകിയിരുന്നോവെന്നും മറുപടി പരിശോധിച്ച് പഞ്ചായത്ത് ജനറൽ കമ്മറ്റി എടുത്ത തീരുമാനം, മേൽ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ, പുരോഗതി എന്നിവ അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകി (നം.3 തീയതി 24-09-2025). എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം തുക ഈടാക്കുന്നതിന് നിർദ്ദേശം നൽകി കരാറുകാരന് നോട്ടീസ് നൽകുകയും ഇതിനെതിരെ കരാറുകാരൻ ഓംബുഡ്സ്മാന് പരാതി നൽകുകയും ഓംബുഡ്സ്മാൻ പരാതി തള്ളിക്കളയുകയും ചെയ്തുവെന്ന് അറിയിച്ചിട്ടുണ്ട്. തിട്ടപ്പെടുത്തിയ നഷ്ടം 11,58,352/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കുകയോ, ടിയാൾക്ക് പ്രതിഫലം നൽകുവാൻ ശേഷിക്കുന്ന മറ്റ് വർക്കുകളുടെ ബില്ലിൽ നിന്ന് ക്രമീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-23 സ്കോളർഷിപ്പ് വിതരണത്തിൽ തുല്യതാ രാഹിത്യം**

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പ്രോജക്ടിൽ (നം. എസ്. 75/25 ' പഠന സ്കോളർഷിപ്പ് പട്ടികജാതി വിഭാഗം' ) 16.95 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ)നം.115/22/ത.സ്വ.ഭ.വ./തീയതി 28.5.22) ഖണ്ഡിക 7.2.4 വ്യവസ്ഥ ചെയ്ത പരമാവധി സ്കോളർഷിപ്പ് ഭൂരിഭാഗം വിദ്യാർത്ഥികൾക്കും നൽകിയപ്പോൾ കേരളത്തിന് പുറത്ത് അംഗീകൃത സർവ്വകലാശാലയുടെ റഗുലർ കോഴ്സ് ചെയ്ത ഡിഗ്രി, ബി.എസ്.സി നേഴ്സിംഗ്, ജനറൽ നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് അവർക്ക് അർഹമായ പരമാവധി ധനസഹായമായ 50000 രൂപ നൽകിയില്ല (ഖണ്ഡിക 7.2.4 പട്ടികയിലെ ഇനം 8). പ്രസ്തുത കോഴ്സ് കേരളത്തിനുള്ളിലുള്ള സ്ഥാപനത്തിൽ പഠിച്ചാൽ ലഭിക്കുന്ന പരമാവധി ധനസഹായം മാത്രമാണ് നൽകിയത്. ബാച്ചിലർ ഓഫ് ഡന്റൽ സർജറി (BDS) വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നൽകപ്പെട്ടു. മെഡിക്കൽ ബിരുദമാകയാൽ പരമാവധി ധനസഹായം 30000 രൂപയാണ്. മറ്റ് ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് 30000 രൂപ സ്കോളർഷിപ്പ് നൽകിയപ്പോൾ പാലക്കാട് റോയൽ ഡന്റൽ കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥിനിയായ നന്ദന എസ്. തമ്പിക്ക് (തേനം പൊയ്കയിൽ തെക്കതിൽ, പയ്യനല്ലൂർ ) 25000 രൂപ മാത്രമാണ് സ്കോളർഷിപ്പ് അനുവദിക്കപ്പെട്ടത് (UTR No. RBI 0142558757184). ഇത് തുല്യതക്കുള്ള അവകാശത്തിന്റെ ലംഘനമാണ്. ഇതിന്റെ കാരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (നം.13/ 26.9.25).
സ്കോളർഷിപ്പ് വിതരണത്തിൽ തുല്യത ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും സ്കോളർഷിപ്പിൽ കുറവ് വന്ന വിദ്യാർത്ഥികൾക്ക് ബാക്കിതുക അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-24 ജനറൽ പർപ്പസ് ഫണ്ട്- അവസാന ഗഡു പഞ്ചായത്തിന് നഷ്ടമായി**

വാർഷിക കണക്ക് പരിശോധിച്ചതിൽ ജനറൽ പർപ്പസ് ഫണ്ട് 12 ഗഡുക്കളിൽ പന്ത്രണ്ടാമത്തെ ഗഡുവായ 18,87,200/- രൂപ പഞ്ചായത്തിന് ലഭിച്ചില്ല. ഫണ്ട് ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.1/2024-25 തീയതി 23/09/2025) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

**1-25 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1, ആർട്ടിക്കിൾ -282 (1) ലെ വ്യവസ്ഥകളിൽ ഉൾപ്പെടുന്ന ഇളവുകളിൽ ഉൾപ്പെടാത്ത ബാധ്യത ഡെപ്പോസിറ്റുകൾ നിക്ഷേപം നടത്തി, മൂന്ന് വർഷത്തിനുള്ളിൽ അവകാശവാദം ഉന്നയിക്കപ്പെടാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം കഴിഞ്ഞ പഞ്ചായത്ത് സമിതി തെരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള നിക്ഷേപങ്ങൾ വരെ ബാധ്യതയായി തുടരുന്നു. 31-03-25 ലെ കണക്കുകൾ പ്രകാരം 20,75,255 രൂപ ബാധ്യതയായി തുടരുന്നുണ്ട്. നിക്ഷേപം നടത്തി മൂന്ന് വർഷത്തിനുള്ളിൽ അവകാശവാദം ഉന്നയിക്കപ്പെടാത്ത ബാധ്യത നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-26 ഇൻസ്റ്റലേഷൻ ഓഫ് വാട്ടർ പ്യൂരിഫയർ- ബില്ലിൽ നിന്നും ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കിയില്ല**

പ്രോജക്ട് നം. S0261/25
അടങ്കൽ -500000
വികസനഫണ്ട് :- 400000

മറ്റുള്ളവ :-100000
ബിൽ നം.BRN24070852007201637397 തീയതി 22/03/2025 തുക 392787/-(വികസന ഫണ്ട്)

ഇൻസ്റ്റലേഷൻ ഓഫ് വാട്ടർ പ്യൂരിഫയർ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ സ്റ്റോക്ക് രജിസ്റ്റർ, സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ്, ബിൽ എന്നിവ പ്രകാരം അക്വാഗാഡ് വാട്ടർ പ്യൂരിഫയർ (അക്വാഗാഡ് പോർട്ടബിൾ വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം) 19 എണ്ണം 17519/- രൂപ ഒരെണ്ണത്തിന് എന്ന നിരക്കിൽ (ജി.എസ്.ടി ഒഴികെ) വാങ്ങിയതായി കാണുന്നു. വാങ്ങലുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും ജി.എസ്.ടി (ടി.ഡി.എസ്) ഇനത്തിൽ 6657/-രൂപ ഈടാക്കിയില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 തീയതി 27-09-2025) മറുപടി ലഭിച്ചില്ല. സ്ഥാപനവുമായി ബന്ധപ്പെട്ട് ജി.എസ്.ടി (ടി.ഡി.എസ്) ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക 6657/-രൂപ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-27 കുട്ടികൾക്ക് യോഗ പരിശീലനം-അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം. | S0318/25 |
| പ്രോജക്ടിന്റെ പേര് | കുട്ടികൾക്ക് യോഗ പരിശീലനം |
| അടങ്കൽ | 150000 |
| വികസനഫണ്ട് | 150000 |
| ചെലവ് വിവരങ്ങൾ | 1.BRN No. 24070852007401078868 തീയതി 21/12/2024<br>തുക 24000<br>2.BRN No. 24070852007401311028 തീയതി 11/02/2025<br>തുക 12000<br>3.BRN No,24070852007401525610 തീയതി 13/03/2025<br>തുക 12000 |

മെഡിക്കൽ ഓഫീസർ, (ഹോമിയോ) നിർവ്വഹണം നടത്തിയ വനിതകൾക്കും വയോജനങ്ങൾക്കും യോഗപരിശിലനം എന്ന പ്രോജക്റ്റിന്റെ ഭാഗമായി 48000/- രൂപ ചെലവഴിച്ചതിന്റെ ബില്ലുകൾ മാത്രമാണ് പരിശോധനയ്ക്ക് നല്കിയിട്ടുള്ളത്. എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 60000/- രൂപ ചെലവഴിച്ചിട്ടുണ്ട്. യോഗ ഇൻസ്ട്രക്റ്ററായി ആരെ നിയമിച്ചുവെന്നതിന്റെ വിവരങ്ങളോ അവരുടെ യോഗ്യത സംബന്ധിച്ച വിവരങ്ങളോ, അറ്റന്റൻസ് സംബന്ധിച്ച രേഖകൾ, എത്ര പേർ പങ്കെടുത്തുവെന്നതിന്റെ വിവരങ്ങളോ, അവരുടെ ലിസ്റ്റോ ഫയലിൽ ലഭ്യമല്ല. സബ്സിഡി മാർഗ്ഗരേഖ സ.ഉ.കൈ.നം.115/2022/ ത.സ്വ.ഭ.വ. തീയതി 28-5-2022 ന്റെ ഖണ്ഡിക നം.7.6.5 പ്രകാരം BNYS (Bachelor Of Naturopathy & Yogic Science) അല്ലെങ്കിൽ തത്തുല്യ യോഗ്യത അല്ലെങ്കിൽ യോഗ അസോസിയേഷൻ/സ്പോർട്സ് കൌൺസിലിന്റെ അംഗീകാരം ഉള്ളവരെയാണ് യോഗ പരിശീലകരായി നിയമിക്കേണ്ടത്. എന്നാൽ പഞ്ചായത്ത് നിയമിച്ച യോഗ പരിശീലക ആരെന്നോ /യോഗ്യതയെന്തെന്നോ ഫയലിൽ ലഭ്യമല്ല. മേൽപ്പറഞ്ഞ അപാകതകൾ ബോധ്യപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/24-25 തീയതി 29-09-2025) മറുപടി ലഭിച്ചില്ല. മതിയായ രേഖകളുടെ അഭാവത്തിൽ യോഗ പരിശീലനത്തിനായി ചെലവഴിച്ച 60000/- രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 ഓഡിറ്റ് ഇംപാക്ട്-ഇ-ടെണ്ടർ തുക 6,25,646 /- രൂപ ഗ്രാമപഞ്ചായത്തിന് കൈമാറി രേഖകൾ ഹാജരാക്കി**

(A)2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രകാരം ഗ്രാമ പഞ്ചായത്തിന് 2016-17 മുതൽ 6,33,422/- രൂപ ലഭിക്കേണ്ടതുണ്ടെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.4/2024-25 തീയതി 23/09/2025) മറുപടിയായി അറിയിച്ചു.

| കാലയളവ് | തുക |
|---|---|
| 2016 | 107370 |
| 2017 | 67924 |
| 2018 | 152166 |
| 2019 | 88123 |
| 2020 | 51486 |
| 2021 | 27401 |
| 2022 | 138952 |
| ആകെ | 633422 |

ആലപ്പുഴ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ശേഷിക്കുന്ന 6,33,422/- രൂപ (പട്ടിക പ്രകാരം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കി തനതു ഫണ്ടിൽ ഒടുക്ക് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(B)നിലവിൽ ടെണ്ടർ ഫീസ് ട്രാൻസാക്ഷനായി ആരംഭിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ഓൺലൈൻ പെയ്മെന്റ് അക്കൌണ്ടിൽ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ 6/2022 മുതൽ 31/03/2025 വരെ ലഭിച്ച 6,25,646/-രൂപ 27/09/25 ലെ ചെക്ക് നം.888171 പ്രകാരം പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ഓഡിറ്റ് അന്വേഷണത്തെ (ഓഡിറ്റ് എൻക്വയറി നം.4/2024-25 തീയതി 23/09/2025) തുടർന്ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

**1-29 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായില്ല**

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കി ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. ഈ പ്രവൃത്തികളിൽ എല്ലാം തന്നെ നിർവ്വഹണ ഏജൻസികളുമായി പഞ്ചായത്ത് പൂർത്തീകരണ കാലയളവ് വ്യക്തമാക്കി കരാർ ചമച്ചിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണ്. സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ

പ്രവൃത്തിയുടെ കരാർ കാലാവധി 30.11.2025 വരെയും മറ്റ് പ്രവൃത്തികളുടേത് 31.12.2025 വരെയുമാണ്. ഇവയുടെ പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/26.9.25) സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി വ്യക്തമാക്കി.

| ക്രമ നം | പ്രോജക്ട് നം., പേര് | നിർവ്വഹണ ഏജൻസി | അടങ്കൽ | ചെലവ് | ഫണ്ട് | ബിൽ/ വൌച്ചർ |
|---|---|---|---|---|---|---|
| 1 | S 267/25- പാറ ജംഗ്ഷൻ നൂറനാട് മാർക്കറ്റ് കനാൽ റോഡ് റീച്ച് 1 | കല്ലട ജലസേചന പദ്ധതി ( KIP) | 1200000 | 1200000 | CFC ഗ്രാന്റ് -10 ലക്ഷം. തനത് ഫണ്ട് – 2 ലക്ഷം | XCFC/2024/25/ P30(CFC) 22401468(തനത്) 29.3.25 |
| 2 | S 269/25 പാറ ജംഗ്ഷൻ നൂറനാട് മാർക്കറ്റ് കനാൽ റോഡ് റീച്ച് 2 | കല്ലട ജലസേചന പദ്ധതി | 1000000 | 1000000 | CFC ഗ്രാന്റ് -8ലക്ഷം. തനത് ഫണ്ട് – 2 ലക്ഷം | XCFC/2024/25/ P21(CFC) 22401467(തനത്) 29.3.25 |
| 3 | S 270/25 മലനട കനാൽ ജംഗ്ഷൻ – ആശാൻകുളങ്ങര ജംഗ്ഷൻ കനാൽ റോഡ് റീച്ച് 1 | കല്ലട ജലസേചന പദ്ധതി | 1250000 | 1145000 | CFC ഗ്രാന്റ് -9.45 ലക്ഷം. തനത് ഫണ്ട് – 2 ലക്ഷം | XCFC/2024/25/ P22(CFC) 22401466(തനത്) 29.3.25 |
| 4 | S 271/25 മലനട കനാൽ ജംഗ്ഷൻ – ആശാൻകുളങ്ങര ജം കനാൽ റോഡ് റീച്ച് 2 | കല്ലട ജലസേചന പദ്ധതി | 1250000 | 1135947 | CFC ഗ്രാന്റ് -1026460 തനത് ഫണ്ട് – 109487 | XCFC/2024/25/ P30(CFC) 22401465(തനത്) 29.3.25 |
| 5 | S 347/25 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (#) | KSEB | 1500000 | 656450 | തനത് ഫണ്ട് | 22401471(തനത്) 31.3.25 |
| 6 | S338/25 എസ്.സി നഗറുകളിലെ കുടിവെള്ള പദ്ധതികളുടെ നവീകരണം | കേരള വാട്ടർ അതോറിറ്റി | 600000 | 450000 | CFC ഗ്രാന്റ് | XCFC/2024/25/ P25 29.3.25 |
| | ആകെ | | | 5587397/- | | |

മേൽ പദ്ധതികൾ പൂർത്തീകരിച്ച് ചെലവഴിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 5587397/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# (സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രോജക്ടിനായി കെ.എസ്.ഇ.ബി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ തൃപ്തീകരണത്തിന് 2025-26 ൽ (സ്പിൽ ഓവർ) 326983 രൂപ കൂടി കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്.)

പ്രോജക്ടുകളുടെ നടത്തിപ്പ് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും സമയബന്ധിതമായി പൂർത്തിയാക്കുന്നു എന്നുറപ്പിക്കേണ്ടതുമാണ്.

**1-30 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല**

പ്രോജക്ട് നം. 91/25
അടങ്കൽ :-400000
വികസന ഫണ്ട് (ജനറൽ) :- 69000
തനതുഫണ്ട്- 118236
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) :- 212764
ചെലവ്
BRN No. 24070852007401311032 തീയതി 11/02/2025 തുക212764/-
Bill Sanction No. 582 തീയതി 11/02/2025 തുക 118236/-(Own Fund)
നിർവഹണം- മെഡിക്കൽ ഓഫിസർ (ഹോമിയോ)

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 331000/- രൂപ ഹോംകോയ്ക്ക് നൽകി. എന്നാൽ ബന്ധപ്പെട്ട ഫയലുകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന ഡെലിവറി നോട്ട് പ്രകാരം 119578/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഡിസ്പെൻസറിയിൽ ലഭിച്ചിട്ടുള്ളത്.

| ഡെലിവറി നോട്ട് നം. | തുക |
|---|---|
| നം. HOMCO/DN/20250724/920/DATED 24-07-2025 | 119578/- |

അവശേഷിക്കുന്ന 211422/- രൂപയുടെ മരുന്നുകൾ പിന്നീട് ലഭ്യമായിട്ടുണ്ടോ, മരുന്ന് ലഭ്യമാക്കാൻ സ്ഥാപനം സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്നിവ അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി (നം.22 തീയതി 29/09/2024) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഹോംകോയുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന 211422/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-31 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂറുകൾ നിയമാനുസരണം ക്രമീകരിക്കുന്നില്ല**

പാലമേൽ ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്കിലെ ഹെഡ് കോഡ് 460500501 പ്രകാരം 2025 മാർച്ച് 31 ൽ 217258 രൂപ ക്രമീകരിക്കാനവശേഷിക്കുന്നതായി കാണുന്നു. ഇതിൽ 31-03-22 ൽ ഉൾപ്പെടുത്തിയ 197258 രൂപയും 22-11-22 ൽ അസിസ്റ്റന്റ് സെക്രട്ടറിക്ക് കൈമാറിയ 20000 രൂപയും ഉൾപ്പെടുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1, ആർട്ടിക്കിൾ-99 ലെ വ്യവസ്ഥകൾ പ്രകാരം മുൻകൂറുകൾ, മൂന്നു മാസത്തിനകം ക്രമീകരിക്കേണ്ടതുണ്ട്. അപ്രകാരം ചെയ്യപ്പെടാത്ത മുൻകൂറുകൾ 18 % പലിശ സഹിതം ഒറ്റ തവണയായി ഈടാക്കേണ്ടതുമാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം നിർദ്ദിഷ്ട കാലവധിക്കകം ക്രമീകരിക്കാത്ത/തിരിച്ചടക്കാത്ത തുക പലിശ സഹിതം തിരിച്ചടപ്പിക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂറുകൾ നിയമാനുസരണം ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-32 പഞ്ചായത്തിന്റെ മിച്ച ഫണ്ട് - സ്ഥിരനിക്ഷേപം ആക്കുന്നത് പരിഗണനാർഹം**

1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം -4, 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 48 ലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് മിച്ച ഫണ്ട് നിക്ഷേപിക്കാവുന്നതാണ്. എന്നാൽ 2019-20 വർഷം ഗ്രാമപഞ്ചായത്ത് മിച്ച ഫണ്ട് നിക്ഷേപത്തിനായി തീരുമാനം എടുത്തപ്പോൾ ആയത് സ്ഥിര നിക്ഷേപ അക്കൗണ്ട് ആയി ആരംഭിക്കുന്നതിന് പകരം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആയി നിക്ഷേപിച്ചതിനാൽ പലിശ ഇനത്തിലുള്ള വരുമാനം കുറയുന്നതിനിടയാക്കി. 30-12-2019 ൽ കാനറ ബാങ്ക് നൂറനാട് ശാഖയിൽ 3015101013372 നമ്പരായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടാണ് തുടങ്ങിയത്. നിലവിൽ ടി അക്കൗണ്ടിൽ കേന്ദ്ര ഗവൺമെന്റ് ബാധ്യത ഗ്രാന്റുകൾ ഉൾപ്പെടെ 1,30,31,766 രൂപ 31-03-25 ൽ നീക്കി ബാക്കിയുണ്ട്. മിച്ച നിക്ഷേപമായി ആരംഭിച്ച ടി അക്കൗണ്ടിൽ ലഭിച്ച പലിശ ഉൾപ്പെടെയുള്ള തുക സ്ഥിര നിക്ഷേപമാക്കുന്നതിന് പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്.

**1-33 കരാർ നിയമനങ്ങളിൽ വേതനമിനത്തിൽ അധിക ചെലവ്**

പാലമേൽ FHC യിൽ കരാർ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെട്ട ഡോക്ടർ, നേഴ്സിംഗ് ഓഫീസർ എന്നിവർക്ക് അധിക വേതനം അനുവദിക്കുക വഴി പഞ്ചായത്ത് ഫണ്ടിന് **2,49,180** രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ധനവകുപ്പിന്റെ 11.02.2021 ലെ സ.ഉ.(പി)നം.29/2021 ഉത്തരവിനെ അടിസ്ഥാനമാക്കി 08.3.2023 ൽ ചേർന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3-2 തീരുമാന പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർക്ക് നൽകാവുന്ന പരമാവധി പ്രതിമാസ വേതനം 57525/- രൂപയും നേഴ്സിംഗ് ഓഫീസർക്ക് 24520 രൂപയുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് 2023 ഏപ്രിൽ 1 മുതൽ പ്രാബല്യമുണ്ട്. 10-07-2023 ലെ ഡിബി3/143/2023 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരവും അനുവദനീയമായ വേതനം സ.ഉ.(പി)നം.29/2021 ധന. തീയതി 11.02.2021 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആരോഗ്യവകുപ്പിൽ നിലനിൽക്കുന്ന ആഡ് ഹോക്ക് നിയമനപ്രകാരം നിലനിൽക്കുന്ന നിരക്കിലുള്ള വേതനം (ഡോക്ടർ- 63,700, നേഴ്സ്-39,300) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർക്കും നേഴ്സിംഗ് ഓഫീസർക്കും അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം-S0052/25 (ആർദ്രം കരാർ ജീവനക്കാർക്ക് ശമ്പളം നൽകൽ)

അടങ്കൽ- 1236000 (തനത് ഫണ്ട്)

ചെലവ്-1218137

**I ഡോ.ദേവിക കെ ദേവരാജ്**

| ക്രമ നം. | ബിൽ നം. തീയതി | മാസം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | 238/20-06-24 | ഏപ്രിൽ 24 | 57525 | 63700 | 6175 |
| 2 | 238/07-06-24 | മെയ് 24 | 57525 | 63700 | 6175 |
| 3 | 252/02-07-24 | ജൂൺ 24 (11 Days LWA) | 36442 | 40337 | 3895 |
| 4 | 299/02-08-24 | ജൂലൈ 24 | 57525 | 63700 | 6175 |
| 5 | 341/03-09-24 | ഓഗസ്റ്റ് 24 | 57525 | 63700 | 6175 |
| 6 | 370/01-10-24 | സെപ്റ്റംബർ 24 | 57525 | 63700 | 6175 |
| 7 | 403/5-11-24 677/19-03-25 (കുടിശ്ശിക ) | ഒക്ടോബർ 24 | 57525 | 63700 | 6175 |
| 8 | 424/06-12-24 | നവംബർ24 | 57525 | 63700 | 6175 |
| 9 | 471/01-01-25 | ഡിസംബർ 24 | 57525 | 63700 | 6175 |
| 10 | 561/01-02-25 | ജനുവരി 25 | 57525 | 63700 | 6175 |
| 11 | 610/03-03-25 | ഫെബ്രുവരി 25 | 57525 | 63700 | 6175 |
| 12 | 814/28-03-25 | മാർച്ച് 25 | 52525 | 63700 | 6175 |
| | ആകെ | | | | 71820 |

**II ശ്രീമതി ദീപു രവി, നേഴ്സിംഗ് ഓഫീസർ**

| ക്രമ | ബിൽ നം. | മാസം | അനുവദിക്കാവുന്ന | അനുവദിച്ച | അധികം |
|---|---|---|---|---|---|

| നം. | തീയതി | | തുക | തുക | നൽകിയത് |
|---|---|---|---|---|---|
| 1 | 238/20-06-24 | ഏപ്രിൽ 24 | 24520 | 39300 | 14780 |
| 2 | 238/07-06-24 | മെയ് 24 | 24520 | 39300 | 14780 |
| 3 | 252/02-07-24 | ജൂൺ 24 | 24520 | 39300 | 14780 |
| 4 | 299/02-08-24 | ജൂലൈ 24 | 24520 | 39300 | 14780 |
| 5 | 341/03-09-24 | ഓഗസ്റ്റ് 24 | 24520 | 39300 | 14780 |
| 6 | 370/01-10-24 | സെപ്റ്റംബർ 24 | 24520 | 39300 | 14780 |
| 7 | 403/5-11-24 | ഒക്ടോബർ 24 | 24520 | 39300 | 14780 |
| 8 | 424/06-12-24 | നവംബർ24 | 24520 | 39300 | 14780 |
| 9 | 471/01-01-25 | ഡിസംബർ 24 | 24520 | 39300 | 14780 |
| 10 | 561/01-02-25 | ജനുവരി 25 | 24520 | 39300 | 14780 |
| 11 | 610/03-03-25 | ഫെബ്രുവരി 25 | 24520 | 39300 | 14780 |
| 12 | 814/28-03-25 | മാർച്ച് 25 | 24520 | 39300 | 14780 |
| | | | | | 1,77,360 |

അധികമായി ചെലവഴിച്ച തുകക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കാത്തപക്ഷം തുക കൈപ്പറ്റിയവരിൽ (ഡോ.ദേവിക കെ.ദേവരാജ് - 71,820 രൂപ & ശ്രീമതി ദീപു രവി – 1,77,360) നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-34 ഓട്ടോമേറ്റഡ് ക്ലിനിക്കൽ കെമിസ്ട്രി അനലൈസർ സ്ഥാപിച്ചില്ല-സ്രോതസിൽ നിന്നും ജി.എസ്.റ്റി ഈടാക്കിയില്ല**

പ്രോജക്ട് നം-S0243/25 (സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ)

അടങ്കൽ- 874118 (തനത് ഫണ്ട്)

ആകെ ചെലവ്-766226

Automated Clinical Chemistry Analyzer ചെലവ് -650000

(ബിൽ നം-389/18-10-24)

നിർവ്വഹണം -മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി

പ്രോജക്ടിലുൾപ്പെടുത്തി ലാബോറട്ടറിയിലേക്ക് ഓട്ടോമേറ്റഡ് ക്ലിനിക്കൽ കെമിസ്ട്രി അനലൈസർ എന്ന ഉപകരണം ജെം മുഖാന്തിരം Transaia Biomedicals Ltd Visakhapattanam എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയെങ്കിലും ഉപകരണം ഓഡിറ്റ് സമയത്തും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഉപകരണം സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

550847.46 രൂപ അടിസ്ഥാന വില രേഖപ്പെടുത്തിയിട്ടുള്ള ഉപകരണത്തിന്റെ (Automated Clinical Chemistry Analyzer ) പേയ്മെന്റിൽ നിന്നും 2% തുക IGST -TDS (Rs.11017) ഈടാക്കിയിട്ടില്ല . 2017 ലെ CGST നികുതി നിയമം Section 51 പ്രകാരം പഞ്ചായത്തുകൾ പോലുള്ള പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, വിതരണക്കാരിൽ നിന്നും (Suppliers) ലഭിക്കുന്ന ₹2,50,000 (രണ്ടര ലക്ഷം രൂപ) കവിഞ്ഞ മൂല്യമുള്ള കരാറുകളോ വിതരണങ്ങൾക്കോ സേവനങ്ങൾക്കോ വസ്തുക്കൾക്കോ ഉള്ള ബിൽ പേയ്മെന്റിൽ നിന്നും 2% നിരക്കിൽ (CGST 1% + SGST 1%) ജി.എസ്.റ്റി. റ്റി.ഡി.എസ്. ഈടാക്കുകയും സർക്കാർ അക്കൗണ്ടിൽ അടയ്ക്കുകയും വേണം. ജി.എസ്.റ്റി. റ്റി.ഡി.എസ്. ഒടുക്കുകയോ സ്ഥാപനം ജി.എസ്.റ്റി. ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

**1-35 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല**

ആരോഗ്യവകുപ്പ് മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരം KMSCL ലേക്ക് പ്രഫോർമ്മ ഇൻവോയ്സ് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് മുൻകൂർ പണം നൽകിയിരുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. മുൻകൂർ തുക നൽകിയതിന്റെയും മരുന്നുകൾ ലഭ്യമായതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | S0020/25 | S0020/25 | S0029/25 | S0029/25 | S0032/25 | S0032/25 |
|---|---|---|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | പാലിയേറ്റീവ് കെയർ | പാലിയേറ്റീവ് കെയർ | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | വൃക്ക രോഗികൾക്ക് കാരുണ്യഹസ്തം | വൃക്ക രോഗികൾക്ക് കാരുണ്യഹസ്തം |
| പ്രഫോർമ്മ നം. | PRF 3164 | PRF 3213 | PRF 3214 | PRF 3396 | PRF 3113 | PRF 3753 |
| മുൻകൂർ നൽകിയ തുക | 200000 | 250000 | 502306 | 200000 | 260190 | 339803 |
| ബിൽ നം. തീയതി | 555/28-01-25 | 375/28-01-25 | 556/28-01-25 | 573/07-02-25 | 534/24-01-25 | 604/ 22-02-25 |
| മരുന്ന് ലഭ്യമായത് | 130754 | 85882 | 155219 | 106688 | 156572 | 0 |
| ബാക്കി നിൽക്കുന്ന തുക | 69246 | 164118 | 347087 | 92312 | 103618 | 339803 |

ആകെ 1116184 രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-36 നിർവ്വഹണ ഏജൻസികളുടെ പക്കൽ 2.38 കോടി രൂപ മുടങ്ങികിടക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം 2,38,14,259 രൂപ വിവിധ നിർവ്വഹണ ഏജൻസികളുടെ പക്കൽ നിക്ഷേപമായി തുടരുന്നുണ്ട്. പ്രോജക്റ്റുകളുടെ പേര്, ഫണ്ട്, പ്രോജക്ട് നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻകൂറുകൾ ഏതെല്ലാം പ്രവൃത്തികൾക്ക് നൽകിയതാണെന്ന് വ്യക്തമല്ല. വിവിധ നിർവ്വഹണ ഏജൻസികളുടെ പക്കൽ മുടങ്ങി കിടക്കുന്ന പണം ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം തിരികെ ലഭ്യമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-37 ഫെസ്റ്റിവൽ അഡ്വാൻസ് - 96000 രൂപ ക്രമീകരിച്ചിട്ടില്ല**

ഫെസ്റ്റിവൽ അഡ്വാൻസായി മുൻ സാമ്പത്തിക വർഷം 33000 രൂപയും ഓഡിറ്റ് വർഷം 63000 രൂപയും ഉൾപ്പെടെ 96000 രൂപ ക്രമീകരിക്കുവാൻ ശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ നിലവിൽ അവശേഷിക്കുന്ന തുക എത്രയെന്ന് പരിശോധി ച്ചുറപ്പാക്കാനായില്ല. മുൻ വർഷങ്ങളിലും ഓഡിറ്റ് വർഷവും നൽകിയ മുഴുവൻ ഫെസ്റ്റിവൽ അഡ്വാൻസും ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-38 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- ലഘു അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FC-XV) 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ ₹4,27,911 കോടി രൂപ ഹെൽത്ത് ഗ്രാന്റ് ശുപാർശ ചെയ്തിട്ടുണ്ട്, ഇതിൽ ₹70,051 കോടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ആരോഗ്യ ഗ്രാന്റുകൾക്കായി പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. ഇതിൽ ഗ്രാമീണ, നഗര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകളും ഉൾപ്പെടുന്നു. അടിസ്ഥാന തലത്തിൽ പ്രാഥമിക ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുകയും മൊത്തത്തിലുള്ള ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

ഹെൽത്ത് ഗ്രാന്റ് -വരവ്

| ക്രമ നം. | സ്കീം | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് സബ് സെന്ററേഴ്സ് | 0 | 321305 | 1050000 | 439000 |
| 2 | കൺവേർഷൻ ഓഫ് റൂറൽ പിഎച്ച്സി ആൻഡ് സബ്സെന്ററേഴ്സ് ഇന്റു വെൽനെസ്സ് സെന്ററേഴ്സ് | 0 | 185000 | 432000 | 688000 |

ഹെൽത്ത് ഗ്രാന്റ് -ചെലവ്

| ക്രമ നം. | സ്കീം | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് സബ് സെന്ററേഴ്സ് | 0 | 321305 | 874118 | 0 |
| 2 | കൺവേർഷൻ ഓഫ് റൂറൽ പിഎച്ച്സി ആൻഡ് സബ്സെന്ററേഴ്സ് ഇന്റു വെൽനെസ്സ് സെന്ററേഴ്സ് | 0 | 185000 | 432000 | 63450 |

**ഫണ്ട് വിനിയോഗം**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഓട്ടോമാറ്റിക്ക് അനലൈസർ വാങ്ങിയിട്ടുണ്ടെങ്കിലും ലാബ് വൈദ്യുതീകരണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാകാത്തതിനാൽ പി.എച്ച്.സിയിൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് സബ് സെന്ററേഴ്സ് എന്ന വിഭാഗത്തിൽ 596381 രൂപയും കൺവേർഷൻ ഓഫ് റൂറൽ പിഎച്ച്സി ആൻഡ് സബ്സെന്ററേഴ്സ് ഇന്റു വെൽനെസ്സ് സെന്ററേഴ്സ് എന്ന ഇനത്തിൽ 702236 രൂപയും നീക്കി ബാക്കിയുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ശക്തമായ ശൃംഖല ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം, ജനസംഖ്യയുടെ വലിയൊരു വിഭാഗത്തിന് ആരോഗ്യ സേവനങ്ങൾ പ്രാപ്യമാണെന്ന് ഉറപ്പാക്കുന്നുണ്ട്. മേഖലയെ ശാക്തീകരിക്കുന്നതിന് ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 വിനോദ നികുതി - 2,96,113 രൂപ ഈടാക്കിയില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 ഗ്രാമപഞ്ചായത്തിന് വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ചരക്ക് സേവനനികുതി (ജി.എസ്.റ്റി) ഏർപ്പെടുത്തിയ ശേഷം തീയേറ്റർ ഉടമകൾ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി ഒടുക്കേണ്ടതായിട്ടുണ്ട്(കേരള ഫിനാൻസ് ആക്റ്റ് 2019 പ്രകാരം) നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്. (സ.ഉ(കൈ)112/2019/ ത.സ്വ.ഭ.വ./31-08-2019) വിനോദ നികുതി സംബന്ധിച്ച ലെഡ്ജർ പരിശോധിച്ചതിൽ (110400101) പാലമേൽ ഗ്രാമപഞ്ചായത്തിലെ സ്വാതി സ്ക്രീൻസിലെ രണ്ട് തീയേറ്ററുകളിൽ നിന്നും സാമ്പത്തിക വർഷം 27,45,353/- രൂപ തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക വർഷം ലഭ്യമായ വിനോദനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള വിനോദനികുതി | ഒടുക്കിയ തീയതി | രസീത് നം. |
|---|---|---|---|---|
| 1 | 03/24 | 296112.43 | - | - |

| | | | | |
|---|---|---|---|---|
| 2 | 04/24 | 522855.47 | 27/05/24 | 1240900598 |
| 3 | 05/24 | 351704.45 | 29/06/24 | 1240900988 |
| 4 | 06/24 | 161557.85 | 01/08/24 | 1240901241 |
| 5 | 07/24 | 134615.87 | 30/08/24 | 1240901483 |
| 6 | 08/24 | 165357.16 | 27/09/24 | 1240901723 |
| 7 | 09/24 | 357587.30 | 30/10/24 | 1240901946 |
| 8 | 10/24 | - | - | - |
| 9 | 11/24 | 167986.94 | 06/12/24 | 1240903344 |
| 10 | 12/24 | 247484* | 03/01/25 | 1240903912 |
| 11 | 01/25 | 180398.22 | 27/02/25 | 1240904735 |
| 12 | 02/25 | 159697.2 | 29/03/25 | 1240905693 |

110400101 എന്ന ഹെഡ് പ്രകാരം ആകെ 2,745,353 രൂപ ഗ്രാമപഞ്ചായത്തിൽ വിനോദനികുതി ഇനത്തിൽ ഓഡിറ്റ് വർഷം വരവ് വന്നിട്ടുണ്ട്. എന്നാൽ ഈ കണക്കുകളിൽ ചുവടെ ചേർക്കുന്ന അപാകങ്ങളുണ്ട്.

1)ക്രമ നം-1 പ്രകാരമുള്ള പത്രിക ഗ്രാമപഞ്ചായത്തിൽ ലഭ്യമാണെങ്കിലും ആയത് പ്രകാരമുള്ള തുക ബന്ധപ്പെട്ട ഹെഡ്ഡിൽ വരവ് വന്നിട്ടില്ല.

2)ക്രമ നം-8, 10/24 മാസത്തെ വിനോദനികുതി പത്രിക ഹാജരാക്കിയിട്ടില്ല. യാതൊരു തുകയും ഗ്രാമപഞ്ചായത്തിന്റെ ബന്ധപ്പെട്ട ഹെഡ്ഡിൽ വരവ് വന്നിട്ടില്ല.

3)ക്രമ നം-10 വിനോദ നികുതി സംബന്ധിക്കുന്ന തീയേറ്റർ ബോക്സ് ഓഫീസ് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ 2,47,484 രൂപ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്.

4) എല്ലാ തുകകളും നിശ്ചിത തീയതിക്ക് (തൊട്ടടുത്ത മാസം മൂന്നാം തീയതി) ശേഷമാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് പിഴ പലിശ ഡിമാൻഡ് ചെയ്തിട്ടില്ല.

മേൽ അപാകങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 26 തീയതി 29/09/2025) മറുപടി ലഭ്യമാക്കിയില്ല. 2,96,113 രൂപ തീയേറ്റർ ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. ഒക്ടോബർ 2024 ലെ നികുതി പത്രിക ലഭ്യമാക്കി തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പിഴ പലിശ ഇനത്തിൽ ഈടാക്കാനുള്ള തുക തീയേറ്റർ ഉടമയിൽ നിന്നും ഡിമാൻഡ് ചെയ്തീടാക്കേണ്ടതും സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ നിയമനങ്ങളിൽ വേതനമിനത്തിൽ അധിക ചെലവ്

പാലമേൽ FHC യിൽ കരാർ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെട്ട ഡോക്ടർ, നേഴ്സിംഗ് ഓഫീസർ എന്നിവർക്ക് അധിക വേതനം അനുവദിക്കുക വഴി പഞ്ചായത്ത് ഫണ്ടിന് 2,49,180 രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ധനവകുപ്പിന്റെ 11.02.2021 ലെ സ.ഉ.(പി)നം.29/2021 ഉത്തരവിനെ അടിസ്ഥാനമാക്കി 08.3.2023ൽ ചേർന്ന സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 3-2 തീരുമാന പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർക്ക് നൽകാവുന്ന പരമാവധി പ്രതിമാസ വേതനം 57525/- രൂപയും നേഴ്സിംഗ് ഓഫീസർക്ക് 24520 രൂപയുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് 2023 ഏപ്രിൽ 1 മുതൽ പ്രാബല്യമുണ്ട്. 10-07-2023 ലെ ഡിബി3/143/2023 തസ്വഭവ സർക്കുലർ പ്രകാരവും അനുവദനീയമായ വേതനം സ.ഉ.(പി)നം.29/2021 ധന. തീയതി 11.02.2021 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആരോഗ്യവകുപ്പിൽ നിലനിൽക്കുന്ന ആഡ് ഹോക്ക് നിയമനപ്രകാരം നിലനിൽക്കുന്ന നിരക്കിലുള്ള വേതനം (ഡോക്ടർ- 63,700, നേഴ്സ്-39,300) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർക്കും നേഴ്സിംഗ് ഓഫീസർക്കും അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം-S0052/25 (ആർദ്രം കരാർ ജീവനക്കാർക്ക് ശമ്പളം നൽകൽ)

അടങ്കൽ- 1236000(തനത് ഫണ്ട്)

ചെലവ്-1218137

**I ഡോ.ദേവിക കെ ദേവരാജ്**

| ക്രമ നം. | ബിൽ നം. തീയതി | മാസം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | 238/20-06-24 | ഏപ്രിൽ 24 | 57525 | 63700 | 6175 |
| 2 | 238/07-06-24 | മെയ് 24 | 57525 | 63700 | 6175 |
| 3 | 252/02-07-24 | ജൂൺ 24 (11 Days LWA) | 36442 | 40337 | 3895 |
| 4 | 299/02-08-24 | ജൂലൈ 24 | 57525 | 63700 | 6175 |
| 5 | 341/03-09-24 | ഓഗസ്റ്റ് 24 | 57525 | 63700 | 6175 |
| 6 | 370/01-10-24 | സെപ്റ്റംബർ 24 | 57525 | 63700 | 6175 |
| 7 | 403/5-11-24 677/19-03-25 (കുടിശ്ശിക ) | ഒക്ടോബർ 24 | 57525 | 63700 | 6175 |
| 8 | 424/06-12-24 | നവംബർ24 | 57525 | 63700 | 6175 |
| 9 | 471/01-01-25 | ഡിസംബർ 24 | 57525 | 63700 | 6175 |
| 10 | 561/01-02-25 | ജനുവരി 25 | 57525 | 63700 | 6175 |
| 11 | 610/03-03-25 | ഫെബ്രുവരി | 57525 | 63700 | 6175 |

| | | | | | |
|---|---|---|---|---|---|
| | | 25 | | | |
| 12 | 814/28-03-25 | മാർച്ച് 25 | 52525 | 63700 | 6175 |
| | ആകെ | | | | 71820 |

**II ശ്രീമതി ദീപു രവി, നേഴ്സിംഗ് ഓഫീസർ**

| ക്രമ നം. | ബിൽ നം. തീയതി | മാസം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | 238/20-06-24 | ഏപ്രിൽ 24 | 24520 | 39300 | 14780 |
| 2 | 238/07-06-24 | മെയ് 24 | 24520 | 39300 | 14780 |
| 3 | 252/02-07-24 | ജൂൺ 24 | 24520 | 39300 | 14780 |
| 4 | 299/02-08-24 | ജൂലൈ 24 | 24520 | 39300 | 14780 |
| 5 | 341/03-09-24 | ഓഗസ്റ്റ് 24 | 24520 | 39300 | 14780 |
| 6 | 370/01-10-24 | സെപ്റ്റംബർ 24 | 24520 | 39300 | 14780 |
| 7 | 403/5-11-24 | ഒക്ടോബർ 24 | 24520 | 39300 | 14780 |
| 8 | 424/06-12-24 | നവംബർ24 | 24520 | 39300 | 14780 |
| 9 | 471/01-01-25 | ഡിസംബർ 24 | 24520 | 39300 | 14780 |
| 10 | 561/01-02-25 | ജനുവരി 25 | 24520 | 39300 | 14780 |
| 11 | 610/03-03-25 | ഫെബ്രുവരി 25 | 24520 | 39300 | 14780 |
| 12 | 814/28-03-25 | മാർച്ച് 25 | 24520 | 39300 | 14780 |
| | | | | | 1,77,360 |

അധികമായി ചെലവഴിച്ച തുകക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭിക്കാത്തപക്ഷം തുക കൈപ്പറ്റിയവരിൽ (ഡോ.ദേവിക കെ.ദേവരാജ്- 71,820 രൂപ & ശ്രീമതി ദീപു രവി -1,77,360) നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം**

**1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 14 | 94000 | 94000 | 0 | |

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

**3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ/ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 2 | 20/12/2024<br>31/01/2025 | 0 | 0 | |

**4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 321500 | നെൽകൃഷി വിസ്തൃതി വ്യാപിപിക്കൽ | 321500 | 0 |
| | 2024-25 | 200000 | ഇ.പി.ഐ.പി- മൈക്രോ പ്ലാൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | 2024-25 | 0221741 | അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി) | 221741 | 00 |
| | 2024-25 | 281700 | ഭിന്നശേഷി സ്കോളർഷിപ്പ് (ജനറൽ) | 281700 | 00 |
| | 2024-25 | 700000 | ലൈഫ് ഭവനനിർമ്മാണം-(ജനറൽ) | 700000 | 00 |
| | 2024-25 | 1940000 | ലൈഫ് ഭവന നിർമ്മാണം-(എസ്.സി) | 1940000 | 00 |
| | 2024-25 | 660000 | ലൈഫ് 2020 ഭവന നിർമ്മാണം-പട്ടികജാതി | 660000 | 00 |
| | 2024-25 | 221874 | പാലിന് സബ്സിഡി (ജനറൽ) | 221874 | 00 |
| | 2024-25 | 140365 | പാലിന് സബ്സിഡി (എസ്.സി) | 140365 | 00 |
| | 2024-25 | 150000 | അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) | 150000 | 00 |
| ആകെ | | 5037180 | | 5037180 | 00 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 100000 | അങ്കണവാടി അനുപൂരക പോഷകാഹാരം (ജനറൽ) | 100000 | 00 |
| | 2024-25 | 1,50,000 | ഭിന്നശേഷി സ്കോളർഷിപ്പ് (ജനറൽ) | 1,50,000 | 00 |
| | 2024-25 | 150000 | പാലിന് സബ്സിഡി (ജനറൽ) | 150000 | 00 |
| | 2024-25 | 173745 | നെൽകൃഷി വിസ്തൃതി വ്യാപിപ്പിക്കൽ | 173745 | 00 |
| | 2024-25 | 100000 | ആശ്രയ | 100000 | 00 |
| | 2024-25 | 960000 | ലൈഫ് ഭവനനിർമ്മാണം-(ജനറൽ) | 960000 | 00 |
| | 2024-25 | 2580000 | ലൈഫ് ഭവനനിർമ്മാണം- | 2580000 | 00 |
| ആകെ | | 4213745 | | 4213745 | 00 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കല്ലട ജലസേചന പദ്ധതി (KIP) | S 267/25- പാറ ജംഗ്ഷൻ നൂറനാട് മാർക്കറ്റ് കനാൽ റോഡ് റീച്ച് 1 | XCFC/2024/25/ P30(CFC) 22401468(തനത്) 29.3.25 | 1200000 | 0 | 1200000 |
| | S 269/25പാറ ജംഗ്ഷൻ | XCFC/2024/25/ P21(CFC) | 1000000 | 0 | 1000000 |

| | | | | | |
|---|---|---|---|---|---|
| | നൂറനാട് മാർക്കറ്റ് കനാൽ | 22401467(തനത്) 29.3.25 | | | |
| കല്ലട ജലസേചന പദ്ധതി | S 270/25 മലനട കനാൽ ജംഗ്ഷൻ – ആശാൻകുളങ്ങര ജം കനാൽ റോഡ് റീച്ച് 1 | XCFC/2024/25/ P22(CFC) 22401466(തനത്) 29.3.25 | 1145000 | 0 | 1145000 |
| കല്ലട ജലസേചന പദ്ധതി | S 271/25 മലനട കനാൽ ജം – ആശാൻകുളങ്ങര ജം കനാൽ റോഡ് റീച്ച് 2 | XCFC/2024/25/ P30(CFC) 22401465(തനത്) 29.3.25 | 1135947 | 0 | 1135947 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | S 347/25 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22401471(തനത്) 31.3.25 | 656450 | 0 | 656450 |
| കേരള വാട്ടർ അതോറിറ്റി | S 338/25 എസ്.സി നഗറുകളിലെ കുടിവെള്ള പദ്ധതികളുടെ നവീകരണം | XCFC/2024/25/ P25 29.3.25 | 450000 | 0 | 450000 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ /വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം (വരവ്) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സോഴ്സ് ഡിഡക്ഷൻ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി | 41187183 | 9622433* | 50809616 | 4204563 | 46605053 |

* റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം വരവ് 4800000 രൂപയാണ്. എന്നാൽ 4822433 രൂപ പ്രയർ പീരീഡ് ഇൻകം എന്ന നിലക്ക് OB തിരുത്തലിനായി ചേർത്തിരിക്കുന്നു. (JV No-42401786)

**4-6 സ്ഥിരനിക്ഷേപം**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

വാർഷികകണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 1500/-രൂപ വരവുണ്ടെങ്കിലും ആയത് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ച തുകയാണ്.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 7,88,79,438 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 7,87,04,582 |
| വരവിനങ്ങളിലുള്ള നഷ്ടം | : 2,96,113/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 2,49,180/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 56,47,397/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | വരവിനങ്ങളിലെ നഷ്ടം (രൂപ) | ചെലവിനങ്ങളിലെ നഷ്ടം(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 2-3 (1-12) | 296113 | - | അനിൽ കുമാർ എ.ജി, സെക്രട്ടറി |
| 3-1(1-33) | | 249180/- | ഡോ.ശ്രീജ.കെ.ഒ. മെഡിക്കൽ ഓഫീസർ |
| ആകെ | 296113/- | 249180/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 60000 | ഡോ.വി.സജീവ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-29 | 5587397 | എൻ.നജീം, സെക്രട്ടറി |
| ആകെ | 5647397 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-26 | 6657 |
| 1-34 | 11017 |
| ആകെ | 17674 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വി.സജീവ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലമേൽ ഗ്രാമപഞ്ചായത്ത് | കണ്ണമ്പിള്ളിൽ വീട്, ശൂരനാട് പി.ഒ, കൊല്ലം ജില്ല. |
| ഡോ.ശ്രീജ.കെ.ഒ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി), പാലമേൽ ഗ്രാമപഞ്ചായത്ത് | ശ്രീരാഗം, പേരൂർകാരാഴ്മ, ചാരുംമൂട് |
| എ.ജി.അനിൽകുമാർ സെക്രട്ടറി | വിരമിച്ചു | അനിൽ വിലാസം പഴഞ്ഞിക്കോണം നൂറനാട് പാറ്റൂർ.പി.ഒ |
| എൻ.നജീം സെക്രട്ടറി | സെക്രട്ടറി പനവൂർ ഗ്രാമ പഞ്ചായത്ത് തിരുവനന്തപുരം | എൻ.എം.വില്ല അവാർഡ്-174 പേരൂർക്കട.പി.ഒ തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.എ).1577/13/12.5.14 |
| 2007-08 | എൽ.എഫ്.എ).1577/13/12.5.14 |
| 2008-09 | എൽ.എഫ്.എ).1577/13/12.5.14 |
| 2009-10 | എൽ.എഫ്.എ).1577/13/12.5.14 |
| 2010-11 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2011-12 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2012-13 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2013-14 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2014-15 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2015-16 | കെ.എസ്.എ./എ.എൽ.പി/പി3/1592/2022/20.05.2023 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി 6/1369/17/15.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി 6/153/2019/16.05.2019 |

| | |
|---|---|
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി 3/807/2020/30.12.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.3/358/2022/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.3/567/2022/03.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.3/176/2023/23.02.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി.3/1339/2023/7.12.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി-പി.3/1095/2024/24.12.2024 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 18-07-2025 and submitted on 19-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Palamel Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Palamel Grama Panchayat as on 31-03-2025

**Date: 24/11/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Palamel Grama Panchayat for the Year 2024-2025.**

**1.Major Observations**

NIL

**2.Other Observations**

1.The expenditure under the Development Fund does not tally with the Annual Statement of Accounts and the Sulekha Expenditure Statement.
2.Tender form sale receipts is not accurate since the amount prevailed in Assistant engineers account is not transferred to own fund account.
3.Refund of unutilized grant Rs.1617139/- treated as liability -source & purpose cannot be explained.
4.The amount received by the Grama Panchayat through RR (Revenue Recovery) proceedings has been recorded as a liability in Accounts.
5.As the deposit register has not been kept up to date,amount shown as deposit in B7 schedule could not be verified.
6.The accuracy of Beneficiary contribution cannot be ascertained.

Deputy Director

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്